# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686 038, KERALA

PHONE 8499 8234

വാല്യം 5 | 1984 ഫെബ്രുവരി 5 | ലക്കം 4

എഡിറേറാറിയൽ

## ഡോ. വി. സി. ശാമുവേൽ

ആഗോള ക്രൈസ്തവ ദൈവശാസ്ത്രത്തിനു് അനിഷേധ്യമായ സംഭാവനകൾ നൽകിക്കൊണ്ടിരിക്കുന്ന മലങ്കര ഓർത്തഡോക്സ് സഭയിലെ വൈദിക പ്രമുഖരിൽ ഒരാളായ റവ. ഡോ. വി. സി. ശാമുവേലിനു് ഇക്കഴിഞ്ഞ ജനുവരി 26–നു് 75 വയസ്സ് തികഞ്ഞിരിക്കുന്നു. ദൈവശാസ്ത്രരംഗത്തെ ഈ അതുല്യപ്രതിഭയ്ക്കു് ഞങ്ങൾ സ്നേഹാദരങ്ങളോടെ ആയുരാരോഗ്യങ്ങളും വിജയങ്ങളും ആശംസിക്കുന്നു.

'ഇതു് ഒരു ഇൻഡ്യൻ സഭയോ?' 'കൗൺസിൽ ഓഫ് കാൽസിഡോൺ, റീ—എക്സാമിൻഡ്', 'യേശുക്രിസ്തു ആരു്,' 'മാർ ദീവന്നാസ്യോസ്' തുടങ്ങി നിരവധി ദൈവശാസ്ത്ര ചരിത്ര ഗ്രന്ഥങ്ങളും, സ്വദേശത്തുനിന്നും വിദേശത്തുനിന്നും പുറപ്പെടുന്ന ആനുകാലിക പ്രസിദ്ധീകരണങ്ങളിലെ എണ്ണമററ ലേഖനങ്ങളും ഡോ. വി. സി. ശാമുവേലിന്റെ ദൈവശാസ്ത്രവീക്ഷണഗതി മനസ്സിലാക്കുവാൻ പര്യാപ്തമാണു്.

ഭാരതത്തിലെ ക്രൈസ്തവർ സ്വതന്ത്രരാണെന്നും, അവക്കു് മൗലീകമായ ചില വീക്ഷണങ്ങൾ ദൈവശാസ്ത്രരംഗത്തും ആരാധനാരംഗത്തും ഉണ്ടായിരിക്കണം എന്നും അദ്ദേഹം അഭിലഷിച്ചു. അതിനനുസൃതമായി ഭാരതസഭ കെട്ടിപ്പടുക്കേണ്ടതിന്റെ ആവശ്യകതയിൽനിന്നു് ആർക്കും ഒഴിഞ്ഞുമാറാനാവില്ല എന്നു് അസന്നിഗ്ദ്ധമായി അദ്ദേഹം പ്രഖ്യാപിച്ചു. 1975–ൽ അദ്ദേഹം രചിച്ച, 'ഇതു് ഒരു ഇൻഡ്യൻ സഭയോ'എന്ന ഗ്രന്ഥത്തിൽ അതിനുള്ള ഒരു മാർഗ്ഗരേഖ അല്പം വിമർശനബുദ്ധ്യാതന്നെ അദ്ദേഹം അവതരിപ്പിച്ചു. ആ ഗ്രന്ഥത്തിനു് ഇന്നും വ്യക്തമായ ഒരു മറുപടി നിർദ്ദേശിക്കുവാൻ ഭാരതത്തിലെ ക്രൈസ്തവ വിഭാഗങ്ങൾക്കു് കഴിഞ്ഞിട്ടില്ല എന്നു പറയുമ്പോൾ അദ്ദേഹത്തിന്റെ വീക്ഷണത്തിന്റെ വിശാലത അംഗീകരിക്കാതിരിക്കുവാൻ തരമില്ല.

ഭാരതജീവിത പശ്ചാത്തലമാണു് ക്രൈസ്തവർ ഉൾക്കൊള്ളേണ്ടതു്. മറിച്ചു്, ഗ്രീക്കു്, ലാററിൻ പാരമ്പര്യങ്ങൾക്കു് അനുസരണം പ്രഖ്യാപിക്കുന്നതു് അവയോടുള്ള അടിമത്തമാണെന്നു് അദ്ദേഹം വിശ്വസിക്കുന്നു. ഭാരതത്തിലെ പല ക്രൈസ്തവസമൂഹങ്ങളും പിൻതുടർന്നുവരുന്ന പല ആചാരങ്ങളും, പാരമ്പര്യങ്ങളും കീഴ്‌വഴക്കങ്ങളും, യഥാർത്ഥമായ വേദശാസ്ത്ര അടിത്തറയിൽ പണിതുയർത്തിയിട്ടുള്ളവയാണോ? എന്നു് ആത്മശോധന ചെയ്യേണ്ടതാണെന്നു് അദ്ദേഹം വിശ്വസിക്കുന്നു. യേശുക്രിസ്തു എന്ന അടിസ്ഥാനശിലയിൽ ഉറച്ചുനിന്നുകൊണ്ടു് പ്രപഞ്ചത്തെ മുഴുവൻ സ്നേഹത്തിന്റെ സമഭാവനയിൽ സ്വീകരിക്കുന്ന ഒരു നല്ല ദേശീയ ക്രൈസ്തവ സഭയ്ക്കു് മാത്രമേ ഭാരതത്തിലെ ജനങ്ങളെ നേടുവാൻ കഴിയൂ എന്നു് അദ്ദേഹം വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ ഈ അടിസ്ഥാന വിശ്വാസ പ്രമാണങ്ങൾക്കു് നേരേ ഒരിക്കലും ഭാരതത്തിലെ ക്രൈസ്തവക്കു് കണ്ണടയ്ക്കുവാൻ കഴിയുകയില്ല. ഈ വിശ്വാസ പ്രമാണങ്ങൾക്കു് ദൈവശാസ്ത്രം അടിത്തറ ഉറപ്പിക്കുന്നതിൽ 75-ാം വയസ്സിലും അക്ഷീണമായി പ്രയത്നിക്കുന്ന അദ്ദേഹത്തിന്റെ ലക്ഷ്യബോധം വളരുന്ന തലമുറയ്ക്കു് ഉത്തേജനം നല്കുന്നു.

ദൈവശാസ്ത്രത്തിന്റേയും, ക്രിസ്തുശാസ്ത്രത്തിന്റേയും അഗാധതലങ്ങളിലേക്കു്, പുരാതന ഗ്രന്ഥശേഖരണങ്ങളുടേയും, ബലിഷ്ഠമായ സ്വന്തം ചിന്താധാരയുടേയും അകമ്പടിയോടുകൂടി അനുയാത്ര ചെയ്യുന്ന ഗവേഷകനായിട്ടാണു് ''കൗൺസിൽ ഓഫ് കാൽസിഡോൺ റീ-എക്സാമിൻഡു്'' എന്ന ഗ്രന്ഥത്തിൽ ഡോ: വി. സി. സാമുവേലിനെ കാണുന്നതു്. 'ഏക സ്വഭാവ വാദികൾ' എന്നു് മലങ്കര സഭാ മക്കളെ ആക്ഷേപിച്ചിരുന്ന ചിലർക്കെങ്കിലും മറുപടിയായിട്ടു കൂടി ഈ ഗ്രന്ഥം നിലകൊള്ളുന്നു.

ക്രിസ്തുശാസ്ത്രത്തിനും, സഭാചരിത്രത്തിനും നൂതനമായ പല സംഭാവനകളും നൽകി ആഗോള ക്രൈസ്തവ സമൂഹത്തിൽ ശ്രദ്ധേയനായി തീർന്നിട്ടുള്ള ഫാ. ഡോ. വി. സി. ശാമുവേൽ ആലുവാ യു. സി. കോളേജ്, മദ്രാസ് ക്രിസ്ത്യൻ കോളേജ്, ബാംഗ്ളൂർ യു. ററി. കോളേജ്, ന്യൂയോർക്കിലെ യൂണിയൻ തിയോളജിക്കൽ സെമിനാരി, യേൽ യൂണിവേഴ്സിററി എന്നിവിടങ്ങളിൽനിന്നു് ഡോക്ടറേറു് ഉൾപ്പെടെയുള്ള ബിരുദങ്ങളും, ബിരുദാനന്തരബിരുദങ്ങളും സമ്പാദിച്ചിട്ടുണ്ടു്.

ഇൻഡ്യയിലെ വിവിധ ദൈവശാസ്ത്ര കലാലയങ്ങളിലും, എത്യോപ്യയിലെ ഹോളി ട്രിനിററി സെമിനാരിയിലും പ്രൊ

(ശേഷം പേജ് 6)

# ഹൈന്ദവരും ക്രിസ്ത്യാനികളും സഹോദരങ്ങൾ: പരിശുദ്ധ ബാവാ

പ്രത്യേക ലേഖകൻ

നിലയ്ക്കൽ: ഭാരതത്തിലുള്ള ക്രൈസ്തവർ വിദേശികളല്ലെന്നും മറിച്ച് ഈ നാട്ടിൽതന്നെ ജനിച്ചു വളർന്നവരാണെന്നും അതുകൊണ്ടുതന്നെ ഹൈന്ദവരും ക്രിസ്ത്യാനികളും സഹോദരങ്ങളായി വർത്തിക്കണമെന്നും പരിശുദ്ധ ബസേലിയോസ് മർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ടു് പ്രസ്താവിച്ചു. നിലയ്ക്കൽ ഐക്യമെനിക്കൽ ദേവാലയത്തിൽ ജനുവരി 31 ഞായറാഴ്ച ചേർന്ന സഭൈക്യവാര സമാപന ദിനാഘോഷച്ചടങ്ങു് ഉദ്ഘാടനം ചെയ്തുകൊണ്ടു് പ്രസംഗിക്കുകയായിരുന്നു പ. ബാവാ.

'മാർത്തോമ്മാ ശ്ലീഹായുടെ ആഗമനം മുതൽ ഇവിടെയുള്ള ക്രൈസ്തവർക്കു് കാലാകാലങ്ങളിൽ ഹൈന്ദവർ ചെയ്തു കൊടുത്തിട്ടുള്ള സഹായങ്ങളുടെ പ്രത്യക്ഷ ഭാവമാണു്പുരാതന ദേവാലയങ്ങളുടെ ക്ഷേത്രങ്ങളും തൊട്ടുരുമ്മി നില്ക്കുന്ന കാഴ്ചയെന്നും രാജാക്കന്മാർ കരമൊഴിവായി നല്കിയിട്ടുള്ള സ്ഥലങ്ങളിലാണു് പുരാതനകാലങ്ങളിൽ ഇവിടെ ദേവാലയങ്ങൾ പടുത്തുയർ ത്തിയിട്ടുള്ളതെന്നും അതൊക്കെ ഇവിടെ നിലനിന്നിരുന്ന മതമൈത്രി വിളിച്ചറിയിക്കുന്നുവെന്നും പ. ബാവാ തുടർന്നുപറഞ്ഞു.

ചടങ്ങിൽ കത്തോലിക്കാ സഭയുടെ മാർ ജോസഫ് പൗവ്വത്തിൽ അദ്ധ്യക്ഷത വഹിച്ചു.

ഏബ്രഹാം മാർ ക്ലിമ്മീസ് മെത്രാപ്പോലീത്താ, മാർ കുര്യാക്കോസ് കുന്നശ്ശേരി, മാർ മാത്യൂസ് വട്ടക്കുഴി, ഫിലിപ്പോസ് മാർ ക്രിസോസ്റ്റം, ബിഷപ്പ് എം സി. മാണി, കുര്യാക്കോസ് മാർ ക്ലൂറീലോസ്, മോൺ. ജോർജ്ജ് ചുണ്ടേവാലേൽ, ഡോ. തോമസ് ഐക്കര, തമ്പാൻ തോമസ് എം. പി., എം. ഡി. ജോസഫ് എന്നിവർപ്രസംഗിച്ചു.

നിയുക്ത കാതോലിക്കാ മാത്യൂസ് മാർക്കൂറീലോസ് മെത്രാപ്പോലീത്താ സ്വാഗതവും റവ. ഡോ. ആൻറണി നിരപ്പേൽ കൃതജ്ഞതയും പറഞ്ഞു.

ജനുവരി 29–നു് മാർത്തോമ്മ ശ്ലീഹാ വന്നിറങ്ങിയ കൊടുങ്ങല്ലൂർ നിന്നും നിലക്കലേക്കു് മാർത്തോമ്മാ ശ്ലീഹായുടെ ഛായാചിത്ര ഘോഷയാത്ര ആരംഭിച്ചു. ഘോഷയാത്രയോടനുബന്ധിച്ച് കൊടുങ്ങല്ലൂർ സെൻറു് തോമസ് നഗറിൽ ചേർന്ന പൊതു സമ്മേളനത്തിൽ റൈററു് റവ. ഡോ. ഫ്രാൻസിസ് കല്ലറക്കൽ അദ്ധ്യക്ഷതവഹിച്ചു മാർ ജയിംസ് പഴയാററിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു.

ഫാ. ദാനിയേൽ ഒ. ഐ. സി, ഫാ. മാത്യു ഒ.ഐ.സി, പി. സി. ഏബ്രഹാം, ഏബ്രഹാം ഇട്ടിച്ചെറിയാ, വർക്കി ജോർജ്, മാത്യുമടുക്കക്കുഴി, ടി. പി. ഫിലിപ്പോസ്, പി. ഐ. ജേക്കബ് എന്നിവർ പ്രസംഗിച്ചു.

എം. ഡി. ജോസഫ് സ്വാഗതവും വി. ചെറിയാൻ കൃതജ്ഞതയും പറഞ്ഞു.

## വട്ടശ്ശേരിൽ തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ

കോട്ടയം: കാലം ചെയ്ത വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിന്റെ ഓമ്മപ്പെരുന്നാൾ പഴയ സെമിനാരി ചാപ്പലിൽ ഫെബ്രുവരി 16 മുതൽ 20 വരെ തീതയതികളിൽ ആഘോഷിക്കുന്നതാണു്.

16, 17, 18 തീയതികളിൽ വൈകിട്ടു് സന്ധ്യാനമസ്കാരത്തെ തുടർന്നു നടക്കുന്ന കൺവൻഷനിൽ പ്രൊഫ. ഡോ. കെ. എം. തരകൻ, മാത്യൂസ് മാർ എപ്പിഫാനിയോസ് എപ്പിസ്കോപ്പാ, ഫാ. ഒ. തോമസ് എന്നിവർ പ്രസംഗിക്കും. സെമിനാരി വിദ്യാത്ഥികൾ സുവിശേഷ ഗാനങ്ങൾ ആലപിക്കും.

19 വെള്ളിയാഴ്ച കോട്ടയം ചെറിയപള്ളിയിൽവച്ചു നടക്കുന്ന സന്ധ്യാനമസ്കാരത്തെ തുടർന്നു് പഴയ സെമിനാരിയിലേക്കുള്ള റാസ നടക്കും.

20 ശനിയാഴ്ച പരിശുദ്ധ ബസേലിയോസ് മർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസിലെ പ്രധാന കാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബ്ബാന നടക്കും. പെരുന്നാളിൽ സഭയിലെ എല്ലാ മെത്രാപ്പോലീത്താമാരും പങ്കെടുക്കും.

## ഓർത്തഡോക്സ് വിഭാഗത്തിനു് അവകാശം ഉണ്ടു്: കോടതി

മൂവാററുപുഴ: അങ്കമാലി ഭദ്രാസനത്തിൽ പെടുന്ന മാറാടി സെൻറു് മേരീസ് പള്ളിയും സെമിത്തേരിയും തങ്ങൾക്കു് അവകാശപ്പെട്ടതാണെന്ന കാതോലിക്കോസ് വിഭാഗത്തിന്റെ വാദം കോടതി അംഗീകരിച്ചു.

കേസിന്റെ അന്തിമ തീരുമാനം ഉണ്ടാകുന്നതുവരെ സെൻറു മേരീസ് പള്ളി സെമിത്തേരി ഓർത്തഡോക്സ് വിഭാഗത്തിലെ വൈദികർക്കു് കർമ്മാദികൾ നടത്തുന്നതിലേക്കു് ആവശ്യാനുസരണം തുറന്നു കൊടുക്കുവാൻ സ്പെഷ്യൽ കോടതി ഉത്തരവിട്ടു.

ഓർത്തഡോക്സ് വിഭാഗത്തിലെ എം. കെ. ജോസഫ് മാടശ്ശേരിൽ എം. കെ. ഏലിയാസ് മാടശ്ശേരിൽ എന്നിവർ വാദികളായി സമർപ്പിച്ചിരുന്നകേസിൽഅഡ്വ.സി. ററി. ജോസഫ് ഹാജരായി.

## പരിശുദ്ധ ബാവായെ സന്ദർശിച്ചു

കോട്ടയം: അഖില ലോക സഭാ കൗൺസിലിന്റെ വിമൻ ഇൻ ചർച്ച് & സൊസൈററി സബ് യൂണിററിന്റെ ഡയറക്ടർ മിസ് പ്രിസ്കില്ലാ പൗഡോളിനാ കെ. സി. സി. വനിതാ വിഭാഗത്തിന്റെ പ്രൊഫ. മേരി തോമസ്, മിസ്സസ് ജോർജ്ജ് എന്നിവരോടൊപ്പം ഫെബ്രുവരി 5 നു ദേവലോകം അരമനയിലെത്തി പ. കാതോലിക്കാ ബാവായെ സന്ദർശിച്ചു. കെ. എം. മാത്യൂ (മനോരമ), സഭാ സെക്രട്ടറി പോൾ മത്തായി, പി. ആർ. ഒ. പി.എസ് കുര്യാക്കോസ്, റമ്പാൻ തെയോഫോറസ് കോർ എപ്പിസ്കോപ്പാ, റമ്പാൻ സി. കെ. ജോസഫ് എന്നിവരും സന്ദർശനവേളയിൽ സന്നിഹിതരായിരുന്നു. പ. ബാവാ തിരുമനസ്സുകൊണ്ടു് മിസ് പ്രിസ്കില്ലായ്ക്കു് പാരിതോഷികങ്ങൾ നല്കി.

മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

1988 ഫെബ്രുവരി 5

## മാതാപിതാക്കളോടുള്ള കടമ

മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധം വളരെ സവിശേഷതകൾ നിറഞ്ഞതാണ്. ഇത്രയേറെ ബഹുമാനത്തിലും, ത്യാഗത്തിലും നൈസർഗ്ഗീകമായ സ്നേഹത്തിലും വളർന്ന്, അവയാൽ ഊട്ടിയുറപ്പിക്കപ്പെടുന്ന മററൊരു ബന്ധം മനുഷ്യരുടെയിടയിൽ ചൂണ്ടിക്കാണിക്കാനില്ല. മക്കളുടെ നേർക്ക് മാതാപിതാക്കൾ പ്രകടിപ്പിക്കുന്ന കരുതലും, ത്യാഗമനസ്ഥിതിയും, സ്നേഹവും നിസ്വാർത്ഥമാണ്, അകൃത്രിമമാണ്. അതുതന്നെയാണ് അതിൻെറ സൗന്ദര്യവും. കുഞ്ഞിൻെറ കണ്ണുകളിലേയ്ക്കുററു നോക്കി തങ്ങളുടെതന്നെ ജീവൻെറ അംശമായ ആ പൈതലിൽ തങ്ങളുടെ സ്വരൂപവും, പകർപ്പും കണ്ട് നിർവൃതിയടയുന്ന മാതാവും പിതാവും. ശിശു പടിപടിയായി വളന്നു വലുതാകുന്നതുകണ്ട് രഹസ്യമായി സന്തോഷിക്കുന്ന മാതാവും പിതാവും കുഞ്ഞിന് എന്തെങ്കിലും അസ്വാസ്ഥ്യമുണ്ടായാൽ ഊണും ഉറക്കവും ഉപേക്ഷിച്ച് അതിനെ പരിചരിക്കുന്ന മാതാപിതാക്കൾ ഇതിനൊക്കെ തുല്യമായി മറേറതു ജീവിതദൃശ്യമുണ്ട്! ഇത്രയും മനോഹരമായി മറെറന്തുണ്ട്!

എന്തുകൊണ്ടാണ് മക്കൾക്ക് മാതാപിതാക്കളുടെ നേരെ ചില കടമകളുണ്ടെന്നു പറയുന്നത്? അവർക്കു ജന്മം നൽകിയെന്നതുകൊണ്ടു മാത്രമോ? അല്ല. ജന്മം നൽകിയവർ എന്ന തരത്തിൽ വൈകാരികമായ ഒരടുപ്പവും കടപ്പാടും ഉണ്ടാകും എന്നതു സത്യംതന്നെ. എന്നാൽ അത്രത്തോളവുമോ അതിലധികമോ പ്രാധാന്യമുള്ളതായി മററൊരു ഘടകമുണ്ട്. ശക്തിയും അറിവും ഇല്ലാതെ എല്ലാററിനും അന്യരെ ആശ്രയിക്കേണ്ട കാലത്ത് തങ്ങൾക്കുവേണ്ടി സകലതും ചെയ്തുതരുന്നവരെ ആർക്കു മറക്കുവാൻ കഴിയും. പ്രതിഫലം ഇച്ഛിക്കാതെ തനിക്കുവേണ്ടിത്തന്നെ എന്ന വിധത്തിൽ ചെയ്യുന്ന ഈ ശുശ്രൂഷയ്ക്ക് സമാനമായി മനുഷ്യരുടെ ഇടയിൽ അറിയപ്പെട്ട മററൊന്നുമില്ല. ഇക്കാരണങ്ങളാണ്, വളരെ ചുരുക്കം ചില അപവാദങ്ങൾ ഒഴിച്ചാൽ, മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധം ഇത്രയേറെ പവിത്രമായി, നൂററാണ്ടുകളിലൂടെ, നിലനില്ക്കുന്നത്. സ്നേഹവും വാത്സല്യവും, സ്നേഹം, ബഹുമാനം, കടപ്പാട് എന്നിവയെ കണ്ടുമുട്ടുന്ന രംഗമാണ് മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധം. പ്രതിഫലം ആഗ്രഹിക്കാതെ സ്നേഹിക്കാനും ത്യാഗമനുഷ്ഠിക്കാനും തയ്യാറാകുന്നു എന്നതാണ് ഈ ബന്ധത്തിൻെറ പരമമായ സവിശേഷത. ലോകത്തിൽ പല സ്നേഹബന്ധങ്ങളും വ്യക്തിബന്ധങ്ങളും നമുക്കു സുപരിചിതമായുണ്ട്. കുറെയൊക്കെ കൊടുക്കാനും, ത്യാഗമനുഷ്ഠിക്കാനും പലരും തയ്യാറുമായിരിക്കും. എന്നാൽ

### ധ്യാനപീഠം

ഒരു പരിധികഴിഞ്ഞാൽ പിന്നെ ത്യാഗമനുഷ്ഠിക്കാൻ അധികമാളുകളും വിസമ്മതിയ്ക്കും. ഇതു് പരിപൂർണ്ണമായ സ്നേഹത്തിൻെറ ലക്ഷണമല്ല. തൻെറ ഏകജാതനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ച ദൈവത്തിൻെറ സ്നേഹമാണ് പരമമായ സ്നേഹത്തിൻെറ നിത്യസജീവ ദൃഷ്ടാന്തം. സ്നേഹിക്കുന്നയാളിനുവേണ്ടി വേദനയേല്ക്കാനും മരിക്കാനുംവരെ തയ്യാറാകുമോ എന്നതു് പരിപൂർണ്ണ സ്നേഹത്തെ തിരിച്ചറിയാനുള്ള മാർഗ്ഗം. ദൈവത്തിൽനിന്നും പുറപ്പെടുകയും, തൻെറ പ്രധാന ഗുണവിശേഷമായി വിളങ്ങുകയും ചെയ്യുന്ന അനിതരസാധാരണമായ ഈ സ്നേഹത്തിൻെറ ഭാഷ മനുഷ്യർക്കു് അപരിചിതമല്ല; അപ്രാപ്യവുമല്ല. സ്നേഹത്തിൻെറ ഭാഷ ആർക്കും മനസ്സിലാകും; ഏതു മൂർഖ സ്വഭാവിക്കും. ദൈവത്തിൻെറ പരമമായ ഈ സ്നേഹത്തിൻെറ കിരണങ്ങളെ കുറെയധികം കാണപ്പെടുന്നതു് മാതാപിതാക്കളും അവരുടെ മക്കളും തമ്മിലുള്ള ബന്ധത്തിലാണ്.

ഈ സ്നേഹത്തിനു് മക്കൾ എന്തു പ്രത്യുപകാരമർപ്പിക്കും? അത്തരം സ്നേഹം അവർക്കു തിരിച്ചു നൽകി. എത്രയും ആദരവോടും, അനുസരണത്തോടും കൂടെ പെരുമാറുക എന്നതു് മക്കളുടെ ധർമ്മമാണ്. മക്കളുടെ പരിചരണവും, സ്നേഹവും, സാന്ത്വനവും ലഭിക്കാതെ അവഗണനയ്ക്കും, കുററപ്പെടുത്തലിനും പാത്രമായി മിഴിനീരൊഴുക്കി ജീവിതത്തിൻെറ അന്ത്യനാളുകൾ തള്ളിവിടുന്ന മാതാപിതാക്കളില്ലേ? അവരുടെ ദുഃഖംപോലെ ഭൂമിക്കു താങ്ങാനാവാത്ത വ്യഥ വിരളമാണ്. ദൈവമുമ്പാകെ ഉച്ചത്തിൽ നിലവിളിക്കുന്നതാണ് ആ ദുഃഖം. നാളെ നമ്മുടെ മക്കൾ നമ്മെ അവഗണിക്കാതിരിക്കാനെങ്കിലും ഇന്നു് നമ്മുടെ മാതാപിതാക്കളെ നാം കരുതേണ്ടതാണല്ലേ!

**പ്രാർത്ഥന** ''ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായി കാണപ്പെട്ട യേശു! ആത്മീകപ്രകാരവും ലൗകീകപ്രകാരവുമുള്ള ഞങ്ങളുടെ മാതാപിതാക്കളെ ഞങ്ങൾ അനുസരിക്കയും ആദരിക്കയും ചെയ്യുവാനുള്ള വിനയവും സ്നേഹചിന്തകളും ഞങ്ങൾക്കു തരണമേ! യാതൊരു മനുഷ്യനെയും നിന്ദിക്കാതെയിരിപ്പാൻ വിശേഷിച്ചും നിസ്സഹായരായവരെ നിന്ദിക്കയും അവഗണിക്കയും ചെയ്യാതിരിപ്പാൻ—തക്ക മനസ്സ് ഞങ്ങൾക്കുണ്ടാകണമേ. 'ഈ ചെറിയവരിൽ ഒരുവനെയും നിന്ദിക്കരുതു്' എന്നു ഞങ്ങളെ പഠിപ്പിച്ച യേശു! അന്യരെ ബഹുമാനിക്കുന്നതു് നിന്നെ ബഹുമാനിക്കുന്നതാണെന്നും, അന്യരെ അപമാനിക്കുന്നതു് നിന്നെ അപമാനിക്കുന്നതിനു തുല്യമാണെന്നും തിരിച്ചറിയുവാൻ ഞങ്ങളെ പഠിപ്പിച്ചാലും'.

**ചിന്താവിഷയം** സദൃ. 23:22 ''നിന്നെ ജനിപ്പിച്ച അപ്പൻെറ വാക്കു കേൾക്ക; നിൻെറ അമ്മ വൃദ്ധയായിരിക്കുമ്പോൾ അവളെ നിന്ദിക്കരുതു്''.

**ഫാ. ജേക്കബ് ചെറിയാൻ**

---

ചർച്ച ആരംഭിക്കുന്നു

# മലങ്കരഅസോസ്യേഷനും തെരഞ്ഞെടുപ്പും

**ഫാ. പി.സി. ഗീവർഗീസ്** E.A., (Hons) A.C.A. (London) LL.B., LL.M.

മലങ്കര ഓർത്തഡോക്സ് സഭയ്ക്കു് ചരിത്രം സൃഷ്ടിച്ച ഒരു അസ്സോസ്യേഷൻ നടന്നിട്ടു് ആഴ്ചകൾപോലും കഴിഞ്ഞിട്ടില്ല. അടുത്ത അസ്സോസ്യേഷനെക്കുറിച്ചും അതിൻെറ ഫലം എന്തായിരിക്കണം എന്നും മററുമുള്ള സംസാരങ്ങൾ സഭയിൽ ആരംഭിച്ചു കഴിഞ്ഞു. സഭയുടെ ഉള്ളിൽ എത്രമാത്രം രാഷ്ട്രീയം നടക്കുന്നുവെന്നു് കഴിഞ്ഞ അസ്സോസ്യേഷനു് ഒരു ദൃഷ്ടാന്തമായി. ആരു് എത്ര ചൂടേറിയ രാഷ്ട്രീയ പ്രവർത്തനം നടത്തിയാലും സഭയുടെ ഉടയവൻ ദൈവമാണെന്നു് തിരഞ്ഞെടുപ്പുഫലം ജനങ്ങളെ പഠിപ്പിക്കയും ചെയ്തു. മലങ്കര ഓർത്തഡോക്സ് സഭ മലങ്കര എന്ന നാമധേയത്തിൽ അറിയപ്പെടുന്നുവെങ്കിലും ഇന്നു് അതൊരു ലോകസഭയാണ്. അതനുസരിച്ച് സഭയുടെ അസ്സോസ്യേഷൻ നടപടികൾക്കും, ലോകസഭയുടെ സ്ഥാനാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനും മററും പഴയ പടിയിൽനിന്നും വ്യതിയാനം വരുത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അമേരിക്കയിൽനിന്നും, ആഫ്രിക്കയിൽനിന്നും, യൂറോപ്പിൽനിന്നും പള്ളിപ്രതിനിധികൾ മീററിംഗിൽ സംബന്ധിക്കുവാൻ കേരളത്തിലെത്തണമെന്ന നില മാറേറണ്ടിയിരിക്കുന്നു. ഭരണഘടനപ്രകാരമുള്ള ജനായത്ത അധികാരം നിറുത്തണമെന്നല്ല മറിച്ച് യാത്രയ്ക്കു് അധികം ധനനഷ്ടം ഇല്ലാതെ എല്ലാ ഭദ്രാസനത്തിലുമുള്ള തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾക്ക് പ്രയാസം കൂടാതെ സംബന്ധിച്ച് അവർ ചെയ്യുവാൻ പോകുന്ന കർത്തവ്യത്തെക്കുറിച്ച് ബോധപൂർവ്വം പ്രവർത്തിക്കുവാനുള്ള നടപടിക്രമങ്ങളാണ് നമ്മുടെ സഭയ്ക്കുണ്ടാകേണ്ടതു്. ഭരണഘടന ഭേദഗതി ചെയ്യുവാനും, കാതോലിക്കാ ബാവാ, മലങ്കര മെത്രാപ്പോലീത്താ, മെത്രാപ്പോലീത്താമാർ, സമുദായ ട്രസ്റ്റികൾ എന്നിവരെ തിരഞ്ഞെടുക്കുക എന്ന പ്രധാന കത്തവ്യങ്ങളാണല്ലോ അസ്സോസിയേഷനുള്ളതു്. സഭ കേരളത്തിൽ മാത്രം ഒതുങ്ങിനിന്ന കാലത്തു് ഇപ്പോൾ നടക്കുന്ന വ്യവസ്ഥകൾ വളരെയധികം യോഗ്യമായിരുന്നു എന്നതു് ഒട്ടും വിസ്മരിക്കുന്നില്ല. എന്നാൽ വളർന്ന സഭയ്ക്കു് വളർച്ചയനുസരിച്ചുള്ള രീതിയിൽ വേണ്ട ഭേദഗതികൾ ഭരണഘടനയിൽ വരുത്തുവാൻ ചില അഭിപ്രായങ്ങൾ പ. സഭയുടെ എല്ലാത്തലത്തിലുമുള്ള ഏവരുടേയും ശ്രദ്ധയിൽ പെടുത്തുന്നുവെന്നു മാത്രം.

### അസ്സോസ്യേഷൻ

മലങ്കര ഓർത്തഡോക്സ് സഭയുടെ അസ്സോസിയേഷൻ, ഭരണഘടന പ്രകാരം മലങ്കര മെത്രാപ്പോലീത്താ വിളിച്ചു കൂട്ടണമെന്നും, അദ്ദേഹത്തിൻെറ അഭാവത്തിലോ, അദ്ദേഹത്തിആജ്ഞാനുസരണമോ വൈസ് പ്രസിഡണ്ടന്മാരിൽ ആർക്കെങ്കിലും യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കാമെന്നും ഭരണഘടന അനുശാസിക്കുന്നുണ്ട്. ആ തത്വമനുസരിച്ച് മലങ്കര മെത്രാപ്പോലീത്താ അസ്സോസ്യേഷൻെറ കല്പന എല്ലാ പള്ളികൾക്കും അയയ്ക്കുകയും അതാതു ഭദ്രാസനത്തിൻെറ പ്രതിനിധികൾ അതാതുഭദ്രാസനത്തിൻെറ കേന്ദ്രത്തിലോ ഒരു ഇടവകയിലോവച്ച് ഭദ്രാസന മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ (വൈസ് പ്രഡിഡണ്ട്) കേന്ദ്രത്തിൽനിന്നുമുള്ള നടപടിച്ചട്ടമനുസരിച്ച് യോഗം ചേന്ന് തീരുമാനങ്ങൾ ചെയ്തു് മലങ്കര മെത്രാപ്പോലീത്തായെ അറിയിക്കുകയും അദ്ദേഹം തീരുമാനങ്ങൾ കല്പനവഴിയായി സഭയെ അറിയിക്കുകയും ചെയ്യുന്നതു് അല്പംകൂടെ സൗകര്യപ്രദമല്ലെ?

കഴിഞ്ഞ അസ്സോസിയേഷനിൽ സംബന്ധിക്കുവാൻ എല്ലാ ദേശത്തുനിന്നുമായി വന്നെത്തിയ പ്രതിനിധികളുടെ യാത്രച്ചെലവും, സ്ഥാനാത്ഥികൾ തങ്ങളുടെവിജയത്തിനുവേണ്ടി ചിലവാക്കിയ പണം നമ്മുടെ

(ശേഷം പേജ് 5)

---

ധ്യാനവേദി അദ്ധ്യായം—3

## ക്രീസ്താനുകരണം

**തോമസ് എ. കെംപിസ്**

ശാന്തിയിൽ നിങ്ങൾ ജീവിക്കുക; എങ്കിൽ അന്യരിലേക്കു് ശാന്തിയെ ആനയിക്കുവാൻ നിങ്ങൾക്കു കഴിയും - ശാന്തനായ ഒരുവൻ പണ്ഡിതനായ ഒരുവനേക്കാൾ കൂടുതൽ നന്മ കാണുന്നു. തീവ്രവികാരങ്ങൾക്കിരയായ ഒരു മനുഷ്യൻ നന്മയെ തിന്മയാക്കുന്നു. എന്നാൽ നല്ലവനും ശാന്തനുമായവൻ അഖിലത്തേയും നന്മയാക്കുന്നു. ശാന്തിയിൽ ജീവിക്കുന്ന ഒരു മനുഷ്യൻ ആരെയും സംശയിക്കുന്നില്ല; എന്നാൽ അസംതൃപ്തനും അസ്വസ്ഥനുമായ മനുഷ്യൻ സകലവിധ സംശയങ്ങളാലും പീഡിപ്പിക്കപ്പെടുന്നു. അവൻ സ്വയം ശാന്തനല്ല; അന്യരെ ശാന്തമാകാൻ അനുവദിക്കുന്നുമില്ല- അവൻ പറയരുതാത്തതു പറയുന്നു; കർത്തവ്യങ്ങളെ അവഗണിക്കുന്നു. അന്യരുടെ കടപ്പാടുകളെക്കുറിച്ച് അവൻ അവബോധം കൊള്ളുന്നു; എന്നാൽ സ്വന്തമായവയെ ആചരിക്കുന്നതിൽ പരാജയപ്പെടുന്നു.

നിങ്ങളുടെ അമർഷത്തെ ഒന്നാമതായി നിങ്ങളിലേക്കുതന്നെ തിരിക്കുക; എങ്കിൽ ഏതാണ്ടൊരു നീതിയോടെ അതിനെ നിങ്ങളുടെ അയല്ക്കാരനിലേക്കു തിരിയ്ക്കുവാൻ നിങ്ങൾ പ്രാപ്തരാകും. നിങ്ങളുടെ സ്വന്തകർമ്മങ്ങളെ ഒരു നല്ലസാദത്തിൻെറ അടയാളമാകനിറമണിയിക്കുവാനും ഒഴികഴിവുകൾ കണ്ടെത്തുവാനും നിങ്ങൾ സമത്ഥരാണ്; എന്നിട്ടും നിങ്ങൾ മററുള്ളവരുടെ ഒഴികഴിവുകൾ കേൾക്കുവാൻ സന്നദ്ധനാവുന്നില്ല. നിങ്ങളെ കുററപ്പെടുത്തുകയും നിങ്ങളുടെ സഹോദരനെ മാപ്പാക്കുകയും ചെയ്യുക കൂടുതൽ യുക്തിസഹമാണ്. അന്യർ നിങ്ങളെ സഹിക്കണമെന്ന് നിങ്ങൾക്കുണ്ടെങ്കിൽ, നിങ്ങൾ അന്യരെയും സഹിക്കണം.


സ്വയമല്ലാതെ, അന്യരാൽ പ്രകോപിതമാകുവാനും കോപാകുലമാകുവാനും അറിഞ്ഞുകൂടാത്ത സത്യമായ സ്നേഹത്തിൽനിന്നും വിനയത്തിൽനിന്നും ഇപ്പോഴും എത്ര വിദൂരസ്ഥമാണെന്നു് കാണുക. നല്ലവരും സൗമ്യരുമായ ജനങ്ങൾക്കൊപ്പം ജീവിക്കാൻ കഴിയുക, മഹത്തായ നേട്ടമൊന്നുമില്ല. എല്ലാവരും അതിനെ ഒരു സന്തോഷമുള്ള കാര്യമായി പരിഗണിക്കുന്നു. നാമോരോരുത്തരും സുഗമമായ ഒരു ജീവിതത്തെ കാംക്ഷിക്കുന്നു. തന്നോടു് യോജിക്കുന്ന മനുഷ്യരെ ആഗ്രഹിക്കുന്നു. എന്നാൽ പ്രതികരണരഹിതരും അസന്തുഷ്ടരും അല്ലെങ്കിൽ അച്ചടക്കശൂന്യരുമായവരോടൊപ്പം ജീവിക്കാൻ കഴിയുക, മഹാ പ്രശംസ അർഹിക്കുന്നു: കുലീനമായി ആചരിക്കപ്പെട്ട ഒരു കർമ്മമാണതു്.

ചിലരുണ്ട്; അവർ സ്വയം ശാന്തിയിൽ ജീവിക്കുന്നു; മാത്രമല്ല അന്യരോടും സമാധാനപ്പെടുന്നു. എന്നാൽ മററു ചിലരുണ്ട്: അവർ തങ്ങളുടെ സ്വന്തം ജീവിതങ്ങളിൽ ശാന്തി ആസ്വദിക്കുകയോ അന്യരെ ശാന്തിയിൽ വിടുകയോ ചെയ്യുന്നില്ല. അവർ മററുള്ളവക്ക് ഭാരമാകുന്നു; തങ്ങൾക്കു തന്നേയും അധികമായ ഭാരമാകുന്നു. മററുചിലരാകട്ടെ; തങ്ങളെത്തന്നെ ശാന്തിയിൽ നിത്തുക മാത്രമല്ല അന്യരേയും ശാന്തിയിലേക്കു് പ്രത്യാനയിക്കുവാൻ സദാ സന്നദ്ധരാണ്.

എന്നാലും നമ്മുടെ ഈ നികൃഷ്ടജന്മത്തിൽ കഷ്ടതയിൽ നിന്നുള്ള സ്വാതന്ത്ര്യത്തിലല്ല, പ്രത്യുത വിനീതമായി സഹനത്തിനു സമർപ്പിക്കുവാനുള്ള സമർത്ഥതയിലാണ് ശാന്തി അധിഷ്ഠിതമാകേണ്ടതു്; എങ്ങനെ ഏററവും നന്നായി സഹിക്കണമെന്നറിയുന്ന മനുഷ്യനാണ് അഗാധതമമായ ശാന്തിയെ സംരക്ഷിക്കുക. **ഇത്തരം** മനുഷ്യനാണ് തന്നെത്തന്നെ കീഴ്പ്പെടുത്തുക; വിശ്വത്തിൻെറ പ്രഭുവാകുക; ക്രിസ്തുവിൻെറ മിത്രവും സ്വർഗ്ഗത്തിൻെറ അവകാശിയും ആവുക.

വിവ: **പ്രൊഫ. കെ. വി. തമ്പി**

നോവൽ



# വഴിയറിയാതെ

## പതിനൊന്നു് (തുടർച്ച)

'രണ്ടുനാലു ദിവസം കഴിയുമ്പം ഞാനിങ്ങോട്ടു വരാം. അതിനിടകൊണ്ടു് ചേടത്തി എല്ലാവരുമായിട്ടൊന്നു് ആലോചിക്കു്.'

'ആലോചിക്കാനൊന്നുമില്ല.'

പെട്ടെന്നു് അമ്മ പറഞ്ഞു.

'കൊടുക്കാനുള്ളവർക്കു് ഒരു കാശുപോലും ഇട്ടേക്കാതെ മുഴുവൻ തീർത്തുകൊടുക്കണം. അതിനു്....'

'എന്റെ അറിവിൽ നാലഞ്ചു പേക്കാ തോമ്മാച്ചായൻ കാശു കൊടുക്കാനുള്ളതു്. പക്ഷെ ഇപ്പം ഒടനെ അതെങ്ങനെ കൊടുക്കും? അതിനു് ഇവിടെ വല്ലതും ഇരിപ്പൊണ്ടോ?'

'ഒന്നും ഇരിപ്പില്ല. പക്ഷെ മററൊന്നു കിടപ്പുണ്ടു്. അതിയാൻ വേലയെടുത്തു വാങ്ങിച്ച അരയേക്കർ സ്ഥലം. കൊപ്രാക്കളം ഇരിക്കുന്ന സ്ഥലം. അതു വാങ്ങിക്കാൻ ആരെങ്കിലും ആളൊണ്ടോന്നു് ഒന്നു് അന്വേഷിക്കു് !'

'അല്ല കുഞ്ഞു് ഇനി എങ്ങോട്ടാ പോണതു്! വണ്ടി നിർത്തു് വീടായി!'

അപ്പാപ്പന്റെ ശബ്ദം.

പെട്ടെന്നു് ഡോക്ടർ ബ്രേക്കു ചവിട്ടി. വീടും കഴിഞ്ഞു് വണ്ടി കുറേക്കൂടി മുമ്പോട്ടുപോയിരിക്കുന്നു.

തിരിഞ്ഞു നോക്കുമ്പോൾ കാറിന്റെ ഡോർ തുറക്കാൻ ശാന്തമ്മ പണിപ്പെടുകയാണു്.

'അങ്ങനെയല്ല മോളെ തിരിച്ചു്.'

അവിടെത്തന്നെ ഇരുന്നു് കൈ എത്തിച്ചു് ഡോക്ടർ ഡോർ തുറക്കാൻ അവളെ സഹായിച്ചു.

## പന്ത്രണ്ടു്

കട്ടിലിന്റെ തലക്കൽ വച്ച നിലവിളക്കിന്റെ കൈക്കുമ്പിളിൽ എരിഞ്ഞു നിൽക്കുന്ന വെളിച്ചെണ്ണത്തിരി. തൊട്ടടുത്തു് മരക്കുരിശു്. അതിന്റെ ഇരുവശങ്ങളിലുമായി വച്ച മെഴുകുതിരിക്കാലുകളുടെ നിറുകയിലും, കട്ടിലിന്റെ പടികളിലും കത്തിയുരുകി കണ്ണുനീരൊഴുകുന്ന മെഴുകുതിരികൾ. തീരാത്ത ശോകവും, തോരാത്ത കണ്ണുനീരുമായി തളർന്നിരിക്കുന്ന ഉററവരുടെ മദ്ധ്യത്തിൽ അച്ചൻകുഞ്ഞു് ഉറങ്ങിക്കിടക്കുകയാണു്. ശുഭ്രവസ്ത്രങ്ങൾ ധരിച്ചു്, അന്ത്യയാത്രയ്ക്കു് തയ്യാറായി കിടക്കുന്ന സ്വസഹോദരന്റെ ജഡത്തിനരികെ ഡോക്ടർ മൂകനായി നിന്നു.

ഒരു മിനിററുനേരം

പിന്നെ മൃതദേഹത്തിന്റെ കാൽ തൊട്ടു വന്ദിച്ചിട്ടു് പിന്തിരിയുമ്പോൾ നെഞ്ചിൽ കനമുള്ളതു് എന്തോ കെട്ടിവച്ചതുപോലെ. തൊണ്ടയിൽ എന്തോ കുരുങ്ങി നിൽക്കും പോലെ. വിറയ്ക്കുന്ന കാലടികളോടെ അദ്ദേഹം പുറത്തേക്കിറങ്ങി.

മുററത്തു് താല്ക്കാലികമായി ഒരു കസേരയിൽ തളർന്നു് ഇരുന്നു.

അച്ചൻ കുഞ്ഞിനെ അവസാനമായി ഒന്നു കാണാൻവേണ്ടി ധാരാളം ആളുകൾ കടന്നു വരുന്നുണ്ടു്. കുറേപ്പേർ അവിടെയും ഇവിടെയുമൊക്കെ ചുററിപ്പററി നിൽക്കുന്നു. കുറേപ്പേർ പിന്നെ വരാമെന്നുപറഞ്ഞു് മടങ്ങുന്നു. ആരെയും ഒരു പരിചയവും തോന്നുന്നില്ല. എല്ലാവരുടെയും ദൃഷ്ടിയിൽ അപരിചിതത്വത്തിന്റെ മുനകൾ! ഇവിടെ ആരും തന്നെ അറിയുന്നില്ലേ? അതോ അറിഞ്ഞിട്ടും അറിഞ്ഞില്ലെന്നു ഭാവിക്കുന്നതോ? ഡോക്ടർക്കു് നേരിയ വല്ലായ്മ തോന്നി.

'ക്ഷമിക്കൂ പ്രിയപ്പെട്ടവരേ! ഇതു ഞാനാണു്. ചീരക്കാട്ടെ കുഞ്ഞു്! ഇവിടെ ജനിച്ചു വളർന്നവൻ. ഈ മരിച്ചു കിടക്കുന്നതു് എന്റെ അനുജനാണു്. ഇല്ല. ഇങ്ങനെ അകററി നിർത്താൻ ഞാൻ നിങ്ങളോടു് ഒന്നും ചെയ്തിട്ടില്ല. അങ്ങനെ അകന്നു [illegible]ൽക്കാൻ തക്ക ഒരു മഹത്വവും എനിക്കില്ല!'

അദ്ദേഹത്തിന്റെ അന്തരംഗം മന്ത്രിക്കുകയായിരുന്നു.

മരിക്കുമ്പോൾ കരയാനുള്ള ആളുകളെ സൃഷ്ടിക്കലാണു് ജീവിതമെങ്കിൽ, അച്ചൻകുഞ്ഞിന്റെ ജീവിതം എത്രയോ ധന്യമായിരിക്കുന്നുവെന്നു് ഡോക്ടർ ഓർത്തു. മുതിർന്നവരും കുഞ്ഞുങ്ങളുമായി പത്തുമുപ്പത്തഞ്ചുപേരെങ്കിലും ഉണ്ടു് അവന്റെ കട്ടിലിനു ചുററും. അതിൽ ഏതൊക്കെയാണു് അവന്റെ മക്കൾ, ഏതൊക്കെയാണു് അനിയൻകുഞ്ഞിന്റെ മക്കൾ എന്നു് തിരിച്ചറിയാൻ കഴിയുന്നില്ലല്ലോ. സ്വന്തം സഹോദരങ്ങളുടെ മക്കളെപ്പോലും തിരിച്ചറിയാൻ കഴിയാത്ത അജ്ഞതക്കു് ഡോക്ടർ സ്വയം കുററപ്പെടുത്തി. ഇന്നോ നാളെയോ താൻ ഉരുണ്ടുവീണു മരിച്ചാലത്തെ അവസ്ഥയെക്കുറിച്ചു് പെട്ടെന്നു് അദ്ദേഹം ആലോചിച്ചുപോയി! എങ്കിൽ......

ഡോക്ടറുടെ ഇടനെഞ്ചിൽ നിന്നു് അറിയാതെ ഒരു തേങ്ങൽ ഉയർന്നു പൊങ്ങി.

അസ്വസ്ഥതയോടെ അദ്ദേഹം എഴുന്നേററു. ക്രൂക്ക്ച്ചരൽ വിരിച്ച മുററത്തുകൂടി മെല്ലെ നടന്നു. മുററത്തിന്റെ വടക്കെ അരികിലെ, കെട്ടാത്ത കിണറിന്റെ അരികിലെത്തിയപ്പോൾ താഴോട്ടു് ഒരു വഴിച്ചാൽ കണ്ടു. അതു വഴി ഇറങ്ങി പുരയിടത്തിന്റെ വടക്കേ അതിരിൽ നിൽക്കുന്ന പിലാവിന്റെ പൊങ്ങിയ വേരിൽ ചാരി നിന്നു.

പണ്ടു് ഇവിടെ ഈ പിലാവു് ഇല്ല. ഒരു ഇഞ്ചപ്പടപ്പായിരുന്നു. ഒരു കുടപ്പനയും ഒരുകപ്പലുമാവും ഇഞ്ചയുടെ അധീനതയിൻ കീഴിലായിരുന്നു. ഇഞ്ചമുള്ളിനെ ഭയന്നു് ആരും ഈ പരിസരത്തേക്കു് വരികയില്ല. ഹൈസ്കൂളിൽ പഠിച്ചുകൊണ്ടിരുന്ന കാലംതൊട്ടേ പരീക്ഷയുടെ സമയത്തു് സൗകര്യമായി ഇരുന്നു പഠിക്കാൻ ഇവിടെ എത്തുമായിരുന്നു. ഒരു പ്രത്യേക വഴിയിലൂടെ വന്നാൽ ദേഹത്തു മുള്ളു കൊള്ളാതെ അകത്തു കടന്നു് ഇരിക്കാം. പുറമെ നിന്നു നോക്കിയാൽ അകത്തു് ആളുണ്ടെന്നു തോന്നുകയില്ല. അകത്തു് ഇരിക്കുന്ന ആളിനു് പുറത്തു നടക്കുന്നതൊക്കെ ഭംഗിയായി കാണുകയും ചെയ്യാം. മുകളിൽ കുടപ്പനയോല ഉള്ളതുകൊണ്ടു് മഴ പെയ്താൽ നനയുകയും ഇല്ല.

മെഡിക്കൽ കോളേജിൽ പഠിക്കുമ്പോഴും സൗകര്യം കിട്ടുമ്പോഴൊക്കെ ഇവിടെ വന്നു് ഇരിക്കും. പകൽ കിനാവുകൾ കാണും. അങ്ങനെ ഇവിടെ ഇരിക്കുമ്പോഴാണു് പൊന്നമ്മയെ കാണുന്നതു്. ജീവിതത്തിൽ ആദ്യമായി താൻ അറിഞ്ഞ പെണ്ണു്! അരിപ്രാവു പോലത്തെ ഒരു കൊച്ചു സുന്ദരി! കൊച്ചു ചീരക്കാട്ടെ പോണ്ടൻ കറിയായുടെ മകൾ.

വീട്ടുപേരു് ഒന്നാണെങ്കിലും പറയത്തക്ക ബന്ധമൊന്നും ഇല്ല. നാലോ അഞ്ചോ തലമുറകൾക്കു മുമ്പു് ചീരക്കാട്ടെ ഒരു വല്യപ്പൻ വയസ്സുകാലത്തു് ഒരു രണ്ടാം കല്യാണം കഴിച്ചു. മരിച്ചുപോയ ആദ്യഭാര്യയിൽ മൂന്നോ നാലോ മക്കളുണ്ടായിരുന്നു വല്യപ്പനു്. രണ്ടാമതു കെട്ടിയ വല്യമ്മക്കും ഉണ്ടായിരുന്നു അവരുടെ ആദ്യത്തെ കെട്ടിൽ ഒരു മകൻ. തീരെ ചെറുപ്പമായിരുന്നതുകൊണ്ടു് ഈ മകൻ അമ്മയുടെ കൂടെ ഇങ്ങോട്ടു പോന്നു. ഭാര്യയുടെ മകനല്ലേ. വസ്തു വീതം വച്ച സമയത്തു് വല്യപ്പൻ അവനും കൊടുത്തു കുറച്ചു സ്ഥലം. അവൻ അതിൽ വീടു വച്ചു താമസിച്ചു. കല്യാണം കഴിച്ചു. കൊച്ചു ചീരക്കാട്ടു് എന്നു വീട്ടുപേരും ഇട്ടു. ഈ ആളിന്റെ സന്തതിപരമ്പരയിൽപ്പെട്ടവനാണു് 'പോണ്ടൻ കറിയാ.'

അപ്പുറത്തെ പുരയിടം ചീരക്കാട്ടെ കുരുവിള വല്യപ്പന്റെ മക്കളുടേതാണു്. അവിടെയാണു് പോണ്ടൻ കറിയായുടെ താമസം. ചുമടു ചുമക്കാനും വിഷമം പിടിച്ച മററു പണികൾക്കും വിദഗ്ധനായിരുന്നു കറിയാ. അപ്പനു് തേങ്ങാവെട്ടുള്ളപ്പോൾ കറിയായെ പണിക്കു വിളിക്കാൻ പലപ്പോഴും അവരുടെ വീട്ടിൽ പോയിട്ടുണ്ടു്. അപ്പോൾ പൊന്നമ്മയെ കാണും ചിരിക്കും സംസാരിക്കും. എന്തോ ഒരു വശ്യത അന്നേ അവളുടെ കണ്ണുകളിൽ ഉണ്ടായിരുന്നു!

മൂന്നു പെൺമക്കളായിരുന്നു കറിയായ്ക്കു്. ഭാര്യ മരിച്ചുപോയി. അതുകാരണം മൂത്തവളായ പൊന്നമ്മക്കായിരുന്നു വീട്ടുഭരണം.

പല തവണ ശ്രദ്ധിച്ചപ്പോൾ മനസ്സിലായി. എല്ലാ ദിവസവും ഉച്ച കഴിയുന്ന സമയത്തു് അവൾ തനിച്ചു് പുരയിടത്തിലൂടെ നടക്കും. ഒന്നുകിൽ വിറകു പെറുക്കുക, അല്ലെങ്കിൽ പുല്ലു പറിക്കുക, അതുമല്ലെങ്കിൽ ആടിനെ മാററിക്കെട്ടുക. രാക്ഷസന്റെ രൂപസാദൃശ്യമുള്ള പോണ്ടനു് ഇങ്ങനെ മാലാഖപോലെ ഒരു മകളുണ്ടായതു് എങ്ങനെയെന്നു് പലപ്പോഴും അത്ഭുതപ്പെട്ടു പോയിട്ടുണ്ടു്. മെഡിക്കൽ കോളേജിലെ സൗന്ദര്യധാമങ്ങളെന്നു് അവകാശപ്പെടുന്ന എലിസബേത്തും, ലതികാറാണിയുമൊന്നും പൊന്നമ്മയുടെ ഏഴയലത്തു് വരാൻ യോഗ്യരല്ലെന്നു് ബോധ്യം വന്നു. തൊട്ടയലത്തു് ഇങ്ങനെ ഒരപ്സരസ്സു് കഴിയുന്നുണ്ടെന്നുള്ള വിവരം നേരത്തെ അറിയാതിരുന്നതിൽ കുണ്ഠിതപ്പെടുകയും ചെയ്തു. ഇലച്ചില്ലുകൾക്കിടയിൽ മറഞ്ഞു കിടക്കുന്ന പഴുത്തു പാകമായ മധുരക്കനി! മററാരും അറിയും മുമ്പെ, മററാരും കൈവശപ്പെടുത്തുംമുമ്പെ ആ കനി സ്വന്തമാക്കണം, അനുഭവിക്കണമെന്ന ആഗ്രഹം ഉള്ളിൽ കലശലാകുകയും ചെയ്തു.

പലനാൾ കാത്തിരുന്നു് ശ്രമിച്ചിട്ടാണു് ഒടുവിൽ ഒരു ദിവസം ആ ആഗ്രഹം സാധിക്കുന്നതു്. ആദ്യത്തേതു് ശരിക്കും ഒരു ബലാൽക്കാരംതന്നെ ആയിരുന്നു! വെളുത്തു തുടുത്ത അവളുടെ കൈത്തണ്ടയിലെ കറുത്ത കുപ്പിവളകൾ ആകെ ഉടഞ്ഞു ചിതറിപ്പോയി! ജാക്കററിന്റെ ഒത്ത നടുവെ ഒരു കീറലും ഉണ്ടായി!

അകത്തു് സ്വർണ്ണവരകളുള്ള കുപ്പിവളയുടെ കക്ഷണങ്ങൾ എടുത്തു് മുറിക്കൂട്ടാൻ ശ്രമിച്ചുകൊണ്ടു് അവൾ തേങ്ങി.

'നോക്കിക്കോ! ഞാനിതു് അമ്മച്ചിയോടു് പറയുന്നുണ്ടു്!'

രണ്ടു മൂന്നു ദിവസത്തേക്കു് പിന്നെ ആ വഴി പോകാൻ ധൈര്യം ഇല്ലായിരുന്നു. അമ്മയോടു് അവൾ എല്ലാം തുറന്നു പറയുമെന്നു തന്നെയാണു് കരുതിയതു്. പക്ഷെ ഭയപ്പെട്ടതു് വെറുതെ. അവൾ ഇതു് അമ്മയോടെന്നല്ല ആരോടും പറഞ്ഞില്ല. ഇത്തരം കാര്യങ്ങളൊക്കെ രഹസ്യമായി സൂക്ഷിക്കാൻ കഴിവുള്ളവരാണു പെണ്ണുങ്ങൾ എന്ന സത്യം മനസ്സിലാക്കാൻ കഴിയുകയും ചെയ്തു. പിന്നീടു് കാണുമ്പോൾ അവൾ പരിഭവിക്കും, പിണക്കം ഭാവിക്കും, അല്ലെങ്കിൽ കരയും എന്നൊക്കെയായിരുന്നു വിചാരം. എന്നാൽ, വിശേഷ വിധിയായി ഒന്നും സംഭവിച്ച ഭാവമേ ഇല്ലായിരുന്നു അവൾക്കു്.

നനുത്ത പട്ടുരോമങ്ങളുള്ള അവളുടെ വെളുത്ത കൈത്തണ്ടയിൽ തലോടിക്കൊണ്ടു് പതിയെ പറഞ്ഞു.

'അടുത്ത അവധിക്കു്, നിന്റെ കൈ നിറയെ ഇടാനുള്ള വള ഞാൻ കൊണ്ടുവരുന്നുണ്ടു്!'

അതിനു മറുപടി പറയാതെ അവൾ ലജ്ജയോടെ ചിരിച്ചു.

'പഠിത്തം തീർന്നു് ജോലി ആയിക്കഴിയുമ്പം ഈ കൈകളിൽ ഞാൻ സ്വർണ്ണവള അണിയിക്കും!'

അതു് കേട്ടപ്പോൾ പെട്ടന്നു് അവൾ കൈ പിൻവലിച്ചു.

'അതൊന്നും വേണ്ട!'

'അതെന്താ? അന്നു് ഞാൻ നിന്നെ കല്യാണം കഴിക്കും!'

ഇത്തവണ അവൾ പൊട്ടിച്ചിരിച്ചുപോയി. മണികിലുങ്ങും പോലെയുള്ള ചിരി.

'എന്തിനാ കുഞ്ഞിച്ചായൻ ഈ നൊണയൊക്കെ പറയുന്നെ പഠിച്ചു വലിയ ഡോക്ടറാകാൻ പോകുന്ന ആളാ അഞ്ചു ക്ളാസ്സുപോലും പഠിച്ചിട്ടില്ലാത്ത എന്നെ കെട്ടാൻ പോണതു്! നൊണ. മുതുനൊണ!'

'നുണയല്ലടീ. ഞാൻ സത്യമാ പറയുന്നതു്! എനിക്കു നിന്നെ വേണം.!'

(ശേഷം 4-ാം പേജിൽ)

ജേക്കബ് കണ്ണന്താനം

## നോവൽ



# ശാന്തി നക്ഷത്രം

## ആറ്

അന്നത്തേക്കു വേണ്ടുന്ന ആഹാരം ഉണ്ടാക്കുന്ന തിരക്കിലായിരുന്നു ആമോസ്. ഗോതമ്പു പൊടി കുഴച്ച് റൊട്ടി ഉണ്ടാക്കുകയായിരുന്നു ആമോസ്. അകലെ കാണുന്ന മേച്ചിൽപാടത്തിലേക്ക് കാലികളെ തെളിക്കണം. ഉച്ചയ്ക്കുള്ള റൊട്ടി കൊണ്ടുപോകണം. അയൽക്കാരെല്ലാം പാലുമായി പോയി കഴിഞ്ഞു. ഇനി കുറേ പാലുണ്ട്. അതു് ആർക്ക് കൊടുക്കും. ആർക്കും വേണ്ടെങ്കിൽ കുറേ കുടിക്കുകതന്നെ. പാലു് ചൂടാക്കി ആമോസ് കുടിച്ചിരുന്നില്ല.

ആമോസിനു് പഴങ്ങളുടെ ചെറിയ ഒരു തോട്ടമുണ്ടായിരുന്നു. മുന്തിരിയും ആപ്പിളും അതിൽ ഉണ്ടായിരുന്നു. റൊട്ടി മൊരിയാനിട്ടിട്ട് കുറേ ആപ്പിൾ ആമോസ് പറിച്ചുകൊണ്ടു് വന്നു. ഈ സമയത്താണ് കുറേ പേർ ഓടിവരുന്നതു് ആമോസ് കണ്ടതു്. അവർ ആമോസിന്റെ വീട്ടിലേക്കായിരുന്നു ഓടിവന്നതു്.

അവർ ആമോസിന്റെ വീട്ടിൽ എത്തി—

ആമോസ് അവരെ നോക്കി നില്ക്കുകയായിരുന്നു.

അവർ വന്നപാടെ പറഞ്ഞു. ''ആമോസ് നീ അറിഞ്ഞോ ആ മോവാബിന്റെ ക്രൂരത.... അഹോ അതു് കുറേ ഭയങ്കരമായിരിക്കുന്നു. അതിനെ ശക്തിയായി എതിർക്കേണ്ടതാണ്.''

''എന്താണ് മോവാബിന്റെ ക്രൂരത.......''

''എങ്ങനെ''

ഞാനറിഞ്ഞു. മോവാബ് ഏദോം രാജാവിന്റെ അസ്ഥി ചുട്ടു ചാമ്പലാക്കി. ഇത്രയും വലിയ ക്രൂരത ഇനി നടക്കാനില്ല. ഏദോമിന്റെ ആത്മാവിനു് ഇനി സ്വർഗ്ഗത്തിൽ പ്രവേശനമില്ല. ആത്മാവു് എന്നേക്കുമായി ഭൂമിയിൽ അലഞ്ഞു കൊണ്ടിരിക്കും. ദുഷ്കർമ്മികൾ പോലും ഇത്തരം ശിക്ഷ അന്നു് ആരും നടത്തുമായിരുന്നില്ല...

ആമോസിന്റെ വാക്കുകൾ ഉച്ചത്തിൽ മുഴങ്ങി.

അപ്പോഴേക്കും ഗ്രാമവാസികൾ കുറേക്കൂടി അവിടെ കൂടി.

അവർ അവന്റെ വാക്കുകൾക്കുവേണ്ടി ചെവിയോർത്തു നിന്നു.

ആമോസ് കുറേക്കൂടി വളർന്നിട്ടുണ്ടെന്നു് ജനത്തിനു് തോന്നി. അവന്റെ മുഖത്തു് ഒരു വല്ലാത്ത പ്രകാശം വരുന്നു. ദൈവികമായ ഒരു പരിവേഷം അലയടിക്കുന്നു. ജീവിതത്തിന്റെ പ്രകാശം. അവന്റെ കണ്ണുകൾ ജ്വലിക്കുന്നു. ആ മുഖത്തിന്റെ കാന്തി കൂടുന്നു.

ജനം അതുവരെ കണ്ട ആമോസല്ല അതു്.

എന്താണതു്?

റൊട്ടി മൊരിച്ചു് സ്വയം ജീവിതം നോക്കി പഴങ്ങൾ വിററു് കാലിയെ മേച്ചു് നടന്ന ആമോസ് എവിടെ?

''ഏദോം രാജാവിന്റെ..''

''നിത്യ '' അതിനി പറയണ്ട. ആ വിവരം ഞാനറിഞ്ഞതാണ്.

അത്ഭുതത്തോടെ ജനങ്ങൾ ചോദിച്ചു.

ആമോസ് ആമോസ്—

പക്ഷേ ജനത്തിന്റെ നാവു് ചലിച്ചില്ല.

ഇളം കാററിൽ ആമോസിന്റെ നീണ്ട താടി ചലിച്ചു. അവന്റെ വസ്ത്രങ്ങൾക്കുപോലും വല്ലാത്ത ഒരു പ്രഭയുണ്ടായി.

പെട്ടെന്നു് ആമോസിന്റെ ശബ്ദം ഒഴുകിവന്നു.

അതു് തങ്ങളുടെ ആമോസിന്റെ ശബ്ദമായിരുന്നില്ല.

ഗംഭീരവും ഘനം നിറഞ്ഞതും എന്നാൽ ശാസനം മുഴങ്ങുന്നതുമായ ശബ്ദം. ആ ഓരോ വാക്കിലും ഘനീഭവിച്ചു നിന്നതു് ദൈവത്തിന്റെ ഗന്ധമായിരുന്നു.

ആ ശബ്ദം ഇങ്ങനെ ഒഴുകിവന്നു—

'ദൈവം സകലജാതികളുടെയും ദൈവമാണ്. അതുകൊണ്ടു് എല്ലാ ജനങ്ങളും മനുഷ്യാവകാശങ്ങൾ ആദരിച്ചേ മതിയാവൂ. ഓരോ രാജ്യക്കാരും കാണിക്കുന്ന അതിക്രമങ്ങൾ കണ്ടു മടുത്തു. അതിനെതിരെ ഉപദേശിക്കാനാണു ഞാൻ വന്നിരിക്കുന്നതു്. സിറിയാ രാജാവായ ബെൻഹദറിന്റെ രാജ്യം നശിക്കാൻ പോകുന്നു. ശത്രുക്കൾ ആ രാജ്യം തകർക്കും. അരാമ്യർ തങ്ങളുടെ പൂർവ്വികർ വിട്ടേച്ചു പോന്ന ജീറിലേക്ക് പ്രവഹിക്കുകയും അവരവിടെ പട്ടിണി കിടക്കേണ്ടിവരുകയും ചെയ്യും. ഫെലിസ്ത്യ അടിമ വ്യാപാരത്തിൽ അഹങ്കരിക്കുന്നു. അവരോടു പറയുക അവർ ദൈവത്തിന്റെ മുമ്പിൽ കണക്കു പറയേണ്ട സമയമായിരിക്കുമെന്നു്.'

ആമോസിന്റെ ശബ്ദത്തിനു് വല്ലാത്ത ഗാംഭീര്യമുണ്ടായിരുന്നു. അതു് കേട്ട് ജനങ്ങൾ ഭയന്നു വിറച്ചു. അവർ പിന്നെ അവിടെ നിന്നില്ല. വേഗത്തിൽ ഓരോ വഴിക്കു പിരിഞ്ഞു.

ആമോസിൽവന്ന മാററമായിരുന്നു അവരുടെ സംസാര വിഷയം. തങ്ങൾക്കെന്നും ആശ്വാസം തരുന്നവനായിരുന്ന ആമോസ്. സ്നേഹപൂർവ്വം ഉപദേശിക്കും. വേണ്ടതു് പറഞ്ഞു് തരും, ആമോസിനു് എല്ലാം അറിയാം പലപ്പോഴും ആലോചിച്ചിട്ടുണ്ട് ഇതെല്ലാം ആമോസിനു് എങ്ങനെ അറിയാമെന്നു്. പക്ഷേ അവൻ എല്ലാം അറിയുന്നു. പഠിക്കുന്നു. ആമോസിന്റെ വാക്കുകളുടെ ശക്തിയും ഗൗരവവും അന്നാണ് ജനങ്ങൾക്കു മനസ്സിലായതു്. ആമോസിന്റെ മാററം ഗ്രാമത്തിൽ പറഞ്ഞു—

ആമോസ് കാലികളുമായി
പുറത്തിറങ്ങി.
പുൽമേട്ടിലേക്ക് കാലികളെ തെളിച്ചു.

ഗോതമ്പു പാടത്തിനരികിലൂടെ ആമോസ് മുമ്പോട്ടു് നടന്നു. പെട്ടെന്നാണ് ആ കാഴ്ച ആമോസിന്റെ കണ്ണിൽ പെട്ടതു്.

'ആ കണ്ണുകൾ തിളങ്ങി...'

(തുടരും)

# തുളസിക്കോട്ടക്കൽ

'കുഞ്ഞിച്ചായനു് വേണ്ടതു് എന്നെയല്ലേ. അതിനു് എനിക്കു് ഒരു കൂലീം തരേണ്ട. വലിയ ആളായി കഴിയുമ്പം കുഞ്ഞിച്ചായൻ വാക്കു മാറാതിരുന്നാ മതി.'

ഇതു് മെഡിക്കൽ കോളജിൽ രണ്ടാം വർഷം പഠിക്കുമ്പോഴായിരുന്നു. ആ വർഷത്തെയും മൂന്നാം വർഷത്തെയും അവധിക്കാലങ്ങൾക്കു് എന്തൊരു ലഹരിയായിരുന്നു. പൊന്നമ്മയുടെ സാമീപ്യം നിറം പിടിപ്പിച്ച സന്ധ്യാവേളകൾക്കു് ദൈർഘ്യം പോരെന്നു തോന്നിയിരുന്നു. പക്ഷെ നാലാം വർഷം ആദ്യം അവളെ പിരിയേണ്ടിവന്നു.

അത്തവണ ഓണം അവധിക്കു വന്നിട്ടു് പൊന്നമ്മയെ കാണാൻ കഴിഞ്ഞില്ല. തിരക്കിയപ്പോൾ അമ്മവീട്ടിൽ പോയിരിക്കുകയാണെന്നു് അറിഞ്ഞു. കുറെക്കൂടി വിശദമായി അന്വേഷിച്ചപ്പോഴാണ ഞെട്ടിക്കുന്ന ആ വിവരം മനസ്സിലാക്കിയതു്. പൊന്നമ്മ ഗർഭിണി ആയിരുന്നുവത്രേ! കാരണക്കാരൻ ആരെന്നു് അറിഞ്ഞുകൂടാ. പോണ്ടൻകറിയാ അടിച്ചും തൊഴിച്ചും ചോദ്യം ചെയ്തിട്ടുപോലും തന്നെ നശിപ്പിച്ചവന്റെ പേരു് അവൾ പറഞ്ഞില്ല. പക്ഷെ പോണ്ടന്റെ ആ കാടൻ പ്രയോഗത്തിൽ ഗർഭം അലസിപ്പോയി! വിവരം കേട്ടറിഞ്ഞുവന്ന അമ്മാച്ചൻ അയാളുടെ വീട്ടിലേക്കു് അവളെ കൂട്ടിക്കൊണ്ടു പോകുകയും ചെയ്തു.

പിന്നെ ആറോ ഏഴോ മാസം കഴിഞ്ഞാണ് അവൾ മടങ്ങി വരുന്നതു്. ആയിടക്കു് ഒരു ദിവസം യാദൃശ്ചികമായി അവളെ വഴിയിൽവച്ചു കാണാനിടയായി. കണ്ടാൽ തിരിച്ചറിയാനാകാത്ത വണ്ണം അവൾ മാറിപ്പോയിരുന്നു. കുണ്ടിലാണ്ട കണ്ണുകൾ. ക്ഷീണിച്ച മുഖം! മെലിഞ്ഞുണങ്ങിയ ശരീരം! പഴയ പൊന്നമ്മയുടെ പ്രേതമാണ് തന്റെ മുമ്പിൽ നിൽക്കുന്നതെന്നു് തോന്നിപ്പോയി. പക്ഷെ മണികിലുങ്ങും പോലെയുള്ള അവളുടെ ചിരിക്കു് ഒരു മാററവും വന്നിരുന്നില്ല. ചിരിച്ചുകൊണ്ടു് അവൾ ചോദിച്ചു.

'ഇപ്പം കുഞ്ഞിച്ചായനു് എന്നെ വേണ്ടേ?'

അടുത്ത ക്ഷണത്തിൽ അവളുടെ ചിരിമാഞ്ഞു.

'അല്ലെങ്കിലും ഇങ്ങനെയൊക്കെയേ വരുവൊള്ളെന്നു് എനിക്കു് നേരത്തെ അറിയാമായിരുന്നു കുഞ്ഞിച്ചായാ!'

ഒന്നും ഉരിയാടാനാകാതെ, കുനിഞ്ഞ മുഖത്തോടെ നിൽക്കുമ്പോൾ നെടുവീർപ്പോടെ അവൾ നടന്നകലുകയായിരുന്നു.

പിന്നീടൊരിക്കൽ പോലും അവളെ കാണാൻ കഴിഞ്ഞിട്ടില്ലല്ലോ. അധികം താമസിക്കാതെ ഉള്ളതെല്ലാം വിററുപെറുക്കി ഇവിടെനിന്നു് അവർ താമസം മാററുകയായിരുന്നു. ഇപ്പോൾ അവൾ ജീവിച്ചിരിപ്പുണ്ടോ മരിച്ചോ എന്നു പോലും നിശ്ചയമില്ല...

'... മുന്നിൽ നമ്മൾ ജിവിതമേ പുല്ലിനെപ്പോലെ,
ഇന്നു കണ്ടു നാളെ വാടും പൂക്കളെപ്പോലെ!'

അച്ചൻ കുഞ്ഞിന്റെ വീട്ടിൽ നിന്നാണ് പാട്ടു കേൾക്കുന്നതു്. പെട്ടെന്നു് ഡോക്ടർ വാച്ചുനോക്കി. ഇവിടെ നിൽക്കാൻ തുടങ്ങിയിട്ടു് അരമണിക്കൂറിലധികമായി എന്നു് അദ്ദേഹം ഓർത്തു.

(തുടരും)

കവിത

## പെന്തക്കോസ്തുകാരോട്

## ഒരു വചനശുശ്രൂഷ

ഫാ. പി. ജോർജ്ജ് ഫിലിപ്പ് എം. എ.

ഇടുക്കുവാതിലിലൂടകത്തു കടക്കുവീൻ
ക്ലേശപൂർണ്ണമപ്പാത ദുർഘടം നിറഞ്ഞതും.
കർത്താവേ! കർത്താവേ! എന്നോതിയാലൊന്നും മൂഢാ!
പൂർത്തിയാകലൊവില്ല താതന്റെ തിരുവിഷ്ടം.
ഭൂതബാധകൾനീക്കി അന്യഭാഷകൾ ചൊന്നു
'വീഥിയിൽ പ്രസംഗിച്ചെന്നന്ത്യനാൾ ചൊല്ലും
വിധൗ

'അറിയില്ല നിങ്ങളെ' എന്നവനരചെയ്യും
അഗ്നിയാലഖിലവും ശോധനചെയ്യും നാഥൻ.
നഗ്നനെയുടുപ്പിക്കൂ രോഗിയെ ശുശ്രൂഷിക്കൂ
ഡോളറാലുള്ള പള്ളവീർപ്പിക്കൽ മതിയാക്കൂ.
അതിഭാഷണം നിർത്തൂ പ്രസംഗംവേഗം നിർത്തൂ.
സ്നേഹകാരുണ്യക്കല്ലിൽ വിശ്വാസമാററുരയ്ക്കൂ
നിത്യജീവൻ നേടീടാൻസ്നേഹമേ മതിയാകൂ.
വിശ്വാസത്തേക്കാൾ ശ്രേഷ്ഠതരമാം, സ്നേഹം മന്നിൽ

ഓർത്തഡോക്സ്കാരോടും
വ്യാജ പ്രവാചകരെ വിക്ഷിച്ചുകൊള്ളൂ സദാ
ആട്ടുതോൽ ചുററിവരും കാട്ടിലെ ചെന്നായ്ക്കളെ.
ഫലം കൊണ്ടേയറിയൂപാദപത്തിൻ ഫലത്തെ
ഇലകൾ കണ്ടുകൊണ്ടു് വഞ്ചിതരായിടൊല്ലേ!

# പരുമല കൊച്ചുതിരുമേനി

## അനുബന്ധം ബി (തുടർച്ച)

ശെമ്മാശ്ശൻ വെളിവു വീണപ്പോൾ അയാൾ കണ്ടതായി പറഞ്ഞതു താഴെ ചേർക്കുന്നു.

1-ാം പ്രാവശ്യം തിരുമേനി കിഴക്കുനിന്നും വെള്ളവസ്ത്രത്തോടെ വലത്തുകയ്യിൽ സ്ളീബായും ഇടത്തുകയ്യിൽ ഇരട്ടപ്പത്തിയുള്ള മരവടിയും പിടിച്ചുകൊണ്ട മേൽഭാഗത്തുകൂടി വന്നു കഴുത്തിൽ ഒരു കുരിശും ഉണ്ടായിരുന്നു. മകനെ ഭയപ്പെടേണ്ടാ എന്നു് എന്നോടു് കല്പിച്ചു. തിരുമേനി എന്നെ കൈവിടുകയില്ല എന്നു് എനിക്കു നല്ല നിശ്ചയമുണ്ടു്'' എന്നു മറുപടി പറഞ്ഞുകൊണ്ട ഞാൻ തിരുമേനിയുടെ അടുക്കലേക്കു കൈ നീട്ടി അപ്പോൾ തിരുമേനി സാത്തനോടു ശപിക്കപ്പെട്ടവനെ കത്താവിൻെറ ദാസനിൽ എന്തുകൊണ്ട പ്രവേശിച്ചു എന്നു പറഞ്ഞുകൊണ്ടു് സ്ളീബാ എടുത്തു് എന്നെ വാഴ്ത്തി; തിരുമേനി എൻെറ കാഴ്ചയിൽ നിന്നു മറഞ്ഞു.

2-ാം പ്രാവശ്യം തിരുമേനി വെള്ളവസ്ത്രം ധരിച്ചുകൊണ്ട വന്നു. ഈ സമയത്തു തിരുമേനിയുടെ മുഖഭാഗം കണ്ടിട്ടു് അൽപം വ്യസനമുള്ളതുപോലെ തോന്നി. വടി തോളിൽ ചാരിക്കൊണ്ടു് സ്ളീബാ കൊണ്ടു് മുമ്പിലത്തേതുപോലെ എന്നെ വാഴ്ത്തി മറയുകയും ചെയ്തു.

3-ാം പ്രാവശ്യം തിരുമേനി വളരെ ശോഭയുള്ള വെള്ളവസ്ത്രം ധരിച്ചിട്ടുണ്ടായിരുന്നു. പട്ടക്കാർ്ശുശ്രൂഷിച്ചുകൊണ്ട ചുററും നിൽപുണ്ടായിരുന്നു. കയ്യിൽ മിന്നുന്ന ഇരുമ്പുവാളും പിടിച്ചിരുന്നു അടുത്തു വന്നാറെ/സാത്താനോടായിട്ടു് ശപിക്കപ്പെട്ടവനെ, കത്താവിൻെറ ദാസന്മാരിൽ നിനക്കെന്തു അധികാരം? നീ എന്തിനു എൻെറ പുത്രനിൽ പ്രവേശിച്ചു? ശപിക്കപ്പെട്ടവനെ, 'പോക' എന്നു പറയുന്നതായി കേട്ടു. അതിൻെറശേഷം കയ്യിൽ ഉണ്ടായിരുന്ന വാളുകൊണ്ടു് സാത്താനെ ഓങ്ങുന്നതായും ഞാൻ കണ്ടു.

ഇതിൻെറ ശേഷം അന്നു രാത്രിയിൽ ഞാൻ ഉറങ്ങികിടപ്പോൾവലിയ പ്രകാശത്തോട കൂടി തിരുമേനി അടുത്തുവന്നതായും സ്ലീബാ കൊണ്ടും എന്നെ തൊടുന്നതായും ഞാൻ കണ്ടു. അപ്പോൾ ഞാൻ തിരുമേനിയുടെ നേരെ തിരിഞ്ഞു കിടന്നു. ദേഹത്തിൽ നൊമ്പരം ഉണ്ടായിരുന്നതുകൊണ്ടു് എഴുന്നേല്പാൻ കഴിഞ്ഞില്ല. അപ്പോൾ തിരുമേനി എൻെറ കയ്യേൽ തൊട്ടുകൊണ്ടു് എന്താ ദേഹത്തേൽ നൊമ്പരം ഉണ്ടോ. ഇതു് എനിക്കുസുഖപ്പെടുത്തുവാൻ കഴിയാഞ്ഞിട്ടല്ല തനിക്കു് ഓർമ്മയ്ക്കും മററുള്ളവക്കു വിശ്വാസത്തിനും കൂടിയത്രെ. ഇനിയും അശുദ്ധത്മാക്കളുടെ ഉപദ്രവം ഉണ്ടാകയില്ല. പിശാചുക്കളുടെ എണ്ണം മനുഷ്യമക്കളെടേതിനേക്കാൾ അധികമാകുന്നു. അതുകൊണ്ടു് ഇനിയും പരീക്ഷയുണ്ടാകും; ഭയപ്പെടേണ്ട എന്നിപ്രകാരം കൽപ്പിച്ചശേഷം സ്ളീബാകൊണ്ട റൂശ്മാ ചെയ്തു. ഉടനെ തിരുമേനി എൻെറ കാഴ്ചയിൽനിന്നും മറഞ്ഞു. തിരുമേനി വന്നപ്പോൾ ഉണ്ടായ പ്രകാശം കൊണ്ടു് എൻെറ അടുക്കൽ കിടന്ന തപസി ചെറിയാനെയും എനിക്കു നല്ലതുപോലെ കാണാമായിരുന്നു. അതിൻെറശേഷം തിരുമേനി എൻെറ അടുക്കലേക്കു് അടുത്തുവന്നു എന്നോടു് അവിശ്വാസി യായിരി ക്കാതെ വിശ്വാസിയായിരിക്ക. ഈ കാര്യം എനിക്കു സുഖപ്പെടുത്തുവാൻ കഴിയാഞ്ഞിട്ടല്ല. മനുഷ്യസ്വഭാവത്തിനു താൻ എന്നെ വേഗം മറന്നുകളയും ഈ നോമ്പുകൊണ്ടു് ഇന്നു കമ്പിടീലിനും മററുംതടസം വരികയില്ല. അവനെ എനിക്കു് നശിപ്പിക്ക,കഴിയാഞ്ഞിട്ടല്ല അവനെ കഷ്ടപ്പെടുത്തി നശിപ്പിക്കണമെന്നുവച്ചിട്ടത്രെ അവനു ഭൂമിയിൽനിന്നു് ഒരു മുഴംപോലും ഉയന്നു നടപ്പാൻ അധികാരംഇല്ല. അതിൻെറശേഷം നിലത്തു ചൂണ്ടികൊണ്ടു് എന്നോടായിട്ടു ഇനിയും ഇവിടെ കിടക്കേണ്ട എന്നു കൽപ്പിച്ചശേഷം തിരുമേനി എൻെറ കാഴ്ചയ്ക്കു മറഞ്ഞു' (പത്രിക പു. 15, ല 4 പു 64—67.)

ഭൂതങ്ങൾ ഒഴിഞ്ഞതായ പഴയ അനുഭവങ്ങൾ വീണ്ടും ഉദ്ധരിക്കാതെ അടുത്തകാലത്തു നടന്ന ഒരെണ്ണംകൂടി മാത്രം പറയണമെന്നേ ഉദ്ദേശിക്കുന്നുള്ളു. വടക്കൻ ദേശങ്ങളിൽ സാമാന്യം പ്രസിദ്ധിയിലിരിക്കുന്ന വയലിപ്പറമ്പിൽ കുടുംബാംഗത്തിനു മഞ്ഞനിക്കര കബറിടത്തിൽനിന്നും ഉദ്ദേശസിദ്ധിയുണ്ടാകാതെ മടങ്ങവെ ഈ കബറിങ്കൽവെച്ചു് ഏഴു ഭൂതങ്ങൾ ഒഴിഞ്ഞുപോയതാണു് ഈ അനുഭവം. ഭൂതങ്ങൾ സത്യം ചെയ്തു ഒഴിഞ്ഞ രീതിയും മററും ഏകദേശം മുമ്പു പ്രസ്താവിച്ച വിധത്തിലുള്ളതാകയാൽ വിവരിക്കുന്നില്ല. ഇതു സംബന്ധിച്ചു കൂടുതൽ അറിവിനായി താഴെ ചേർക്കുന്ന ഭാഗം വയലിപ്പറമ്പിൽ മി. ചാക്കപ്പൻെറ എഴുത്താണു്.

ആലുവാ, തുരുത്തിശ്ശേരി
1-12-114

ബ: അച്ചാ,

എൻെറ മകൻ ജോർജ്ജിനു് പൈശാചികമായ എന്തോ ഉപദ്രവമുണ്ടായി. അതിനായി ഞങ്ങൾ 1108 മേടത്തിൽ പരുമല കബറുങ്കൽ വന്നു 15 ദിവസം താമസിച്ചു. അവിടെ വന്നപ്പോൾ മുതൽ 8 ദിവസത്തിനകം എൻെറ മകനു പരിപൂർണ്ണസുഖം കാണിച്ചുതന്നു അയക്കണമെ, എന്നുള്ള പ്രാത്ഥനയോടും ഉപവാസത്തോടും കൂടിയാണു ഞങ്ങൾ പ്രാത്ഥനയും മററും തുടങ്ങിയതു്. ഒരു തിങ്കളാഴ്ച ദിവസമായിരുന്നു ഞങ്ങൾ പരുമല ചെന്നതു്. ദിവസവും ഞങ്ങളുടെ പേക്കു് കുർബാനയും കബറിങ്കൽ വിളക്കുവയ്പും ഉണ്ടായിരുന്നു. ബുധനാഴ്ച ഉറക്കസമയത്തു പരിശുദ്ധ പിതാവു് എൻെറ സമീപത്തുവന്നു് മകനെ നിന്നെ ഞാൻ സമാധാനത്തോടെ അയക്കുംഎന്നു പറഞ്ഞതും സ്ളീബാ എടുത്തു എന്നെ വാഴ്ത്തി അനുഗ്രഹിച്ചു പെട്ടന്നു മറഞ്ഞതും ഇന്നു ഞാൻ നല്ലതിൻവണ്ണം ഓർക്കുന്നു. അടുത്ത ദിവസം ഈ വിവരങ്ങൾ അന്നു് അവിടെയുണ്ടായിരുന്ന അച്ചനോടും മററു് എല്ലാവരോടും ഞാൻ പറഞ്ഞു ആ വ്യാഴാഴ്ചയും വിശേഷം ഒന്നുമുണ്ടായില്ല വെള്ളിയാഴ്ച കുർബാനസമയത്തു കാസായും പീലാസായും മേൽപ്പോട്ടു പൊക്കിയ സമയം മുതൽ എൻെറ മകനു ശക്തിയായ സുഖക്കേടുണ്ടായി കുർബാന കഴിഞ്ഞ ഉടൻതന്നെ കബറുങ്കൽ കൊണ്ടുവന്നു അവിടെവച്ചുംഭയങ്കരമായ സുഖക്കേടായിരുന്നു.

(തുടരും)

## മലങ്കര അസോസ്യേഷനും...... (2-ാംപേജിൽനിന്നും തുടർച്ച)

സഭയുടെ പഞ്ചവത്സര പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വികസന പദ്ധതികളുടെ ബഡ്ജററിനോടു് സമമോ, കൂടുതലോ ആയിരുന്നു എന്നതു് എല്ലാവരും ചിന്തിക്കുന്നതു് ഉചിതമായിരിക്കും. മററു പല ഉയർന്ന സഭകൾക്കും ഇല്ലാത്തതും എന്നാൽ സമൂഹത്തിൽ മാന്യവുമായ ജനഹിതത്തെ സഭ മാനിക്കുന്നതു് ഏവക്കും അഭിമാനംതന്നെ. എന്നാൽ അപ്പോസ്തോലിക പിൻഗാമിത്തത്തിൻെറ തിരഞ്ഞെടുപ്പിനു് തരംതാണ രാഷ്ട്രീയ ശൈലികൾ സ്വീകരിക്കുക അത്ര മാന്യമല്ല എന്നു് സർവ്വ സഭാംഗങ്ങളും ഇപ്പോൾ ഏകമായി സമ്മതിക്കുന്നുണ്ടു്. ലഘു ലേഖകളും, പത്ര പരസ്യങ്ങളും രാഷ്ട്രീയത്തിലെ തിരഞ്ഞെടുപ്പിനു് ആവശ്യമെങ്കിലും മെത്രാൻ സ്ഥാനാത്ഥികളെ പരിചയപ്പെടുത്തുവാൻ വേണ്ടി രാഷ്ട്രീയ രീതികൾ ഒട്ടും വിലമതിക്കത്തക്കതല്ല. താഴെ കുറിക്കുന്ന ചില നിർദ്ദേശങ്ങൾ ഈ വിധ പ്രവണത കുറയ്ക്കുവാൻ സഹായിക്കുമെന്നു് കരുതുന്നു.

### സ്ഥാനാർത്ഥികൾ

മെത്രാപ്പോലീത്താ സ്ഥാനാത്ഥി 60 വയസ്സിൽ കൂടിയ ആൾ ആയിരിക്കരുതെന്നും. തിരഞ്ഞെടുപ്പിനു്മുമ്പു് രണ്ടു വർഷമെങ്കിലും സഭയിൽ സ്തുത്യർഹമായി സേവനം ചെയ്തുകൊണ്ടിരിക്കുന്ന ആളായിരിക്കണമെന്നും പ: സുന്നഹദോസ്സിൻെറ തീരുമാനം ഉള്ളതായി കേൾക്കുന്നു. (കേട്ടുകേൾവി മാത്രമെ ഉള്ളു. തെററാണെങ്കിൽപ:സുന്നഹദോസ്സിനോടു് ക്ഷമാപണം) ഇപ്രകാരം ഒരു കുറഞ്ഞ യോഗ്യതയെങ്കിലും പരിശുദ്ധ സുന്നഹദോസ്സു് ചെയ്തിട്ടുണ്ടെങ്കിൽ അതു് വളരെ അഭിമാനാർഹം തന്നെ. ഇല്ലെങ്കിൽ മെത്രാപ്പോലീത്താ സ്ഥാനാർത്ഥിയുടെ കുറഞ്ഞതും അത്യാവശ്യവുമായയോഗ്യതകൾ പരിശുദ്ധ സുന്നഹദോസ്സു് ചെയ്യേണ്ടതു് അത്യാവശ്യമാണു്. നിബന്ധനപ്രകാരമുള്ള പ്രായമുണ്ടെങ്കിൽ ഒരു ഇൻഡ്യൻ പൗരനു് ഭരണാധികാരമുള്ള സ്ഥാനങ്ങളിലേയ്ക്കു് മത്സരിക്കാമെന്ന തത്വംപോലെ അവിവാഹിതനായ ഏതു വൈദീകനും, മെത്രാപ്പോലീത്തായുടെ സ്ഥാനത്തേക്കു് മത്സരിക്കാമെന്നതിൽ ഉപരിയായ പ്രതീക്ഷയാണു് മലങ്കരസഭയ്ക്കു് അതിലെ മേല്പട്ടക്കാരനെക്കുറിച്ചുള്ളതു് എന്നു് എടുത്തു പറയേണ്ട ആവശ്യമില്ലല്ലോ. രാഷ്ട്രീയ സ്ഥാനാർത്ഥികളെപ്പോലെ സ്വയമായി ഈ സ്ഥാനം ലഭിക്കണം എന്ന ആഗ്രഹക്കാരെ മുളയിലെ നുള്ളി മാററുവാനുള്ള നിബന്ധനകൾ സഭയിൽ ഉണ്ടായിരിക്കണം. അടുത്ത സമയത്തു് പ്രഗത്ഭനായ ഒരു മെത്രാപ്പോലീത്തയോടു് കാതോലിക്കാസ്ഥാനം ആഗ്രഹിക്കുന്നോ എന്നു് ചോദിച്ചപ്പോൾ മറുപടിയായി 'ഒരിക്കലുമില്ല; ഊനമററ ഒരു കുഞ്ഞാടായിരിക്കണം ആ സ്ഥാനം അലങ്കരിക്കുന്നതു്. ഒന്നുകിൽ പരുമലത്തിരുമേനിയെപോലെ പരിശുദ്ധനോ,അല്ലെങ്കിൽ പരിശുദ്ധതയും പാണ്ഡിത്യവും, ഭരണ സാമർത്ഥ്യവും സ്നേഹവും ദയവും നിറഞ്ഞ വട്ടക്കുന്നേൽ ബാവായേപ്പോലുള്ള ഒരാളോ ആയിരിക്കണം നമ്മുടെ സഭയുടെ തലവൻ' എന്നു് [illegible]പ്പിക്കുകയുണ്ടായി. നമ്മുടെ [illegible]ത്രാൻ സ്ഥാനാർത്ഥികൾ സ്ഥാനാത്ഥിത്വം പ്രഖ്യാപിക്കും മുമ്പേ അവിവാഹിതനാണു് എന്നതൊഴിച്ചു് ഈ സ്ഥാനത്തേയ്ക്കു് വരുവാൻ മുകളിൽ എഴുതിയ യോഗ്യതകൾ സ്വയമേ വിലയിരുത്തുന്നതു് വളരെ പ്രയോജനകരമായിരിക്കും. തങ്ങൾ ഏല്ക്കുവാനും, ചെയ്യുവാനും പോകുന്ന സ്ഥാനത്തിനു് അടിത്തായായി സഭയിൽ അത്യാവശ്യമുള്ള വിശ്വാസം അതു് പഠിപ്പിക്കുവാനും, നിലനിർത്തുവാനുമുള്ള പക്വമായ സാമർത്ഥ്യം, കൂദാശാനുഷ്ഠാനങ്ങൾ യോഗ്യമായി ചെയ്യുവാനുള്ള അറിവു്, ഇടവകകൾ ഉത്തമമായിഭരിച്ചുള്ള കഴിവു്, ഭദ്രാസനത്തിൻെറ ഭരണം സവ്വജനങ്ങൾക്കും സന്തോഷപ്രദമായി നടത്തുവാനുള്ള ബുദ്ധികൂമ്മത, സന്യാസ ജീവിതത്തിനടുത്ത പ്രാർത്ഥനയും, നോമ്പും, ഉപവാസവും വഴി ദൈവത്തെ പ്രീതിപ്പെടുത്തിയുള്ള ജീവിതം, അതിലേറെ സഭയെ ഭരിക്കുവാനല്ല നമ്മുടെ കത്താവിനെപ്പോലെ തൻെറ ആടുകളുടെ കാൽ കഴുകി അവരെ സേവിക്കുവാനുള്ള വിനയവും, സന്നദ്ധതയും. താൻ സഭയുടെ വളർച്ചക്കുവേണ്ടി ചെയ്തിട്ടുള്ള നേട്ടങ്ങൾ ഇതിലൊക്കെയുപരിയായി മെത്രാപ്പോലീത്താ ആകുന്നതുവഴിയായി താൻ സർവ്വജ്ഞനായിരിക്കും എന്ന ചിന്ത കൂടാതെ അഭിപ്രായങ്ങൾ ആരാഞ്ഞു് കൂടുതൽ അറിവുള്ളവരിൽനിന്നും ചോദിച്ചു് മനസ്സിലാക്കാനുള്ള വിനയം നിറഞ്ഞ മനസ്സാക്ഷി സഭയുടെ മേൽക്കോയ്മ അനുസരിക്കാനുള്ള സന്നദ്ധത, ഇവസ്വയാത്തമായിക്കഴിഞ്ഞിട്ടുണ്ടോ എന്നു് അറിഞ്ഞിരിക്കുന്നതു് പ്രയോജന പ്രദമായിരിക്കും.

### തിരഞ്ഞെടുപ്പിനു് ചില നിർദ്ദേശങ്ങൾ

മെത്രാപ്പോലീത്താ സ്ഥാനത്തേക്കു് തിരഞ്ഞെടുക്കപ്പെടുവാൻ യോഗ്യരായ എല്ലാ പട്ടക്കാരുടേയും ജീവചരിത്രം മുകളിൽ പ്രസ്താവിച്ചിരിക്കുന്ന യോഗ്യതകൾ ഉൾക്കൊള്ളിച്ചു് ഭദ്രാസന മെത്രാപ്പോലീത്തായും, ഭദ്രാസന കൗൺസിലും കൂടി പടങ്ങൾ ഉൾക്കൊള്ളിച്ചു് സഭാകേന്ദ്രത്തിനു് കൊടുക്കുക. ആശ്രമാംഗങ്ങളുടെയും മററു് സഭയുടെ വിവിധ പ്രസ്ഥാനങ്ങള[illegible]ളുവരുടേയും നാമനിർദ്ദേശങ്ങ[illegible] മുകളിൽ പ്രസ്ഥാവിച്ച പ്രകാരം അതതിൻെറ സുപ്പീരിയർമാർ വഴി കേന്ദ്രത്തിനു് നല്കുക. എല്ലായിടത്തുനിന്നും കിട്ടുന്ന എല്ലാ സ്ഥാനാത്ഥികളേയും ചേത്തുള്ള ഒരു Publication പ്രത്യേകമായി ഉണ്ടാക്കി ഭദ്രാസന കേന്ദ്രം വഴിയായി എല്ലാ ഇടവകകളിലും തിരഞ്ഞെടുപ്പിനു് രണ്ടു മാസങ്ങൾ മുമ്പെങ്കിലും എത്തിച്ചുകൊടുക്കണം. ഇടവക വികാരിയും, ഇടവകയിൽനിന്നു് തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളും ഈ സവ്വ സ്ഥാനാർത്ഥികളേയും കുറിച്ചു് സമഗ്രമായി പഠിച്ചു് എത്രപേരെ തിരഞ്ഞെടുക്കണമോ അത്രയും പേക്കു് ഭദ്രാസനത്തിൽവച്ചു് ഭാഗീകമായി കൂടുന്ന അസ്സോസിയേഷനിൽ വോട്ടു് കൊടുക്കുകയും ഭൂരിപക്ഷം കിട്ടിയ സ്ഥാനാർത്ഥികളും പേരും വോട്ടെണ്ണവും മലങ്കര മെത്രാപ്പോലീത്തായെ ഭദ്രാസനമെത്രാപ്പോലീത്താ അറിയിക്കുകയും എല്ലാ ഭദ്രാസനത്തിൽനിന്നുമുള്ള തിരഞ്ഞെടുക്കപ്പെട്ടവരുടെ വോട്ടിൻെറ എണ്ണമനുസരിച്ചു് ആളുകളെ മലങ്കര മെത്രാപ്പോലീത്താ കല്പന വഴിയായി അറിയിക്കുകയും ചെയ്യുവാൻ സാധിക്കുമെങ്കിൽ മുകളിൽ പറഞ്ഞതായ അനേക പ്രയാസങ്ങൾ ഒഴിവാക്കുവാൻ സാധിക്കും. തിരഞ്ഞെടുക്കുന്ന പള്ളി പ്രതിനിധികൾ ആളറിയാതെ മററുള്ളവരുടെ പ്രേരണവഴി വോട്ടു കൊടുക്കുന്ന ദുഷ്പ്രവണത മാറുകയും യോഗ്യരായ സ്ഥാനാർത്ഥികളെ കണ്ടെത്തുവാനും സാധിക്കും. ഭദ്രാസന കേന്ദ്രം വഴിയും, മററു പ്രസ്ഥാനങ്ങളുടെ സുപ്പീരിയർമാർ വഴിയും യോഗ്യരായവരുടെ നാമനിർദ്ദേശം വരുന്നതിനാൽ സഭയെ സേവിക്കാതെ ഓടിനടന്നിട്ടു് സ്ഥാനത്തു് കേറി കൂടുന്നവരുടെ സംഖ്യ ഇല്ലാതെയാകും. പത്രപ്രസ്താവനകൾ, ലഘുലേഖകൾ എന്നിവ ഇല്ലാതെയാകും. സഭാകേന്ദ്രത്തിലും ഭദ്രാസനകേന്ദ്രങ്ങളിലും നടക്കുന്ന ചൂടേറിയ രാഷ്ട്രീയം കുറയും. ഉപരി, യോഗ്യരായ സ്ഥാനാർത്ഥികളെ സഭയ്ക്കു് ലഭിക്കുകയും ചെയ്യും. സ്വയസ്ഥാനാർത്ഥി നാമനിർദ്ദേശം ഇല്ലാതാകുകയും ചെയ്യും. മലങ്കര മെത്രാപ്പോലീത്താ, ട്രസ്റ്റിമാർ എന്നിവരുടെ തിരഞ്ഞെടുപ്പുകളും ഇതേ നിലയിൽതന്നെ ആകാവുന്നതാണു്.

ഇതേക്കുറിച്ചുള്ള നിങ്ങളുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഹെറാൾഡ്, ദേവലോകം 686 038 എന്ന വിലാത്തിൽ അയയ്ക്കുക. ഒരു പാസ്പോർട്ടു് സൈസ് ഫോട്ടോ കൂടി അയയ്ക്കുന്നതു് സ്വാഗതാർഹം
പത്രാധിപർ

# സഭാ ഡപ്യൂട്ടി സെക്രട്ടറി പി. എൻ. നൈനാന്ന് യാത്രയയപ്പ് നല്കി

സ്റ്റാഫ് എഡിറ്റർ

കോട്ടയം: കഴിഞ്ഞ 43 വർഷക്കാലം മലങ്കര ഓർത്തഡോക്സ് സഭയുടെ ഡപ്യൂട്ടി സെക്രട്ടറിയായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച പി. എൻ. നൈനാന്ന് (86) ജനുവരി 15-ന് ദേവലോകം അരമനയിൽ ചേർന്ന സമ്മേളനത്തിൽവച്ച് വികാര നിർഭരമായ ഒരു യാത്രയയപ്പ നല്കി.

പി. എൻ. നൈനാന്റെ ബഹുമാനാർത്ഥം നടത്തിയ ലഞ്ചുസത്ക്കാരത്തെ തുടർന്ന് ചേർന്ന യാത്രയയപ്പ സമ്മേളനത്തിൽ പ. ബസേലിയോസ് മർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് അദ്ധ്യക്ഷത വഹിച്ചു.

ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ, വൈദികട്രസ്റ്റി ഫാ. മത്തായി നൂറനാൽ, സി. വി. ജോർജ് കോർ എപ്പിസ്ക്കോപ്പാ, അത്മായ ട്രസ്റ്റി പി. സി. ഏബ്രഹാം, അഡ്വ. എം. ഏബ്രഹാം എന്നിവർ പി. എൻ. നൈനാന്ന് മംഗളങ്ങളം നേർന്നു. (പ്രസംഗം അന്യത്ര) പി. സി. ഏബ്രഹാം പി. എൻ. നൈനാനെ പൊന്നാട അണിയിച്ചു.

സഭാ സെക്രട്ടറി പോരം മത്തായി സ്വാഗതവും പി. സി. ഏബ്രഹാം കൃതജ്ഞതയും പറഞ്ഞു. ചടങ്ങിൽ സഭാ വർക്കിംഗ് കമ്മറ്റിയംഗങ്ങളം, സഭാ സെക്രട്ടറിയേററ് ഉദ്യോഗസ്ഥന്മാർ, ജീവനക്കാർ എന്നിവർ പങ്കെടുത്തു.

# ശിലാസ്ഥാപനം നടത്തി

തിരുവനന്തപുരം: സഭയുടെ ചൈൽഡ് വെൽഫെയർ ബോർഡിന്റെ മേൽനോട്ടത്തിൽ തിരുവനന്തപുരം ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ശ്രീകാര്യം താംബോർഗിരിയിൽ സ്ഥാപിച്ചിട്ടുള്ള വികലാംഗ ബാലഭവനത്തിന്റെ പുതിയ ഡോർമിററിയുടെ കല്ലിടീൽ കർമ്മം ഭദ്രാസന മെത്രാപ്പോലീത്താ ഗീവറുഗീസ് മാർ ദിയസ്കോറോസ് 1987 നവംബർ 16 ന നിർവ്വഹിച്ചു. ചടങ്ങിൽ പുതിയ കെട്ടിടം പണിയുന്നതിന് സാമ്പത്തിക സഹായം നൽകുന്ന കുവൈററ് അഹമ്മദി ഓർത്തഡോക്സ് കോൺഗ്രിഗേഷന്റെ പ്രതിനിധി ചേപ്പാട്ട് കെ. വി. രാജനും അനവധി പട്ടക്കാരുംസഭാംഗങ്ങളും സന്നിഹിതരായിരുന്നു. പുതിയ ബ്ലോക്കിന് പരുമല മാർ ഗ്രിഗോറിയോസ് ബ്ളോക്ക് എന്ന് നാമകരണം ചെയ്യുന്നതാണ്.

ഈ സ്ഥാപനത്തിലെ അന്തേവാസിയായ ഒരു ബാലന്റെ സംരക്ഷണത്തിന് പ്രതിമാസം മുന്നൂറുരൂപാ (പ്രതിവർഷം 3600-രൂ) ചിലവുവരും. വ്യക്തികളും സ്ഥാപനങ്ങളും ഔദാര്യപൂർവ്വം ഈ ദീന ബാലന്മാരുടെ സംരക്ഷണത്തിന് സംഭാവന നൽകുന്നതിന് അഭ്യർത്ഥിക്കുന്നു. സംഭാവനകൾ H. G. Geevarghese Mar-Dioscorus Metropolitan 24, Tagore Gardens, Kumarapuram, Medical College (P. O.) Trivandrum എന്ന വിലാസത്തിൽ അയക്കണമെന്ന് ഡയറക്ടർ ജോൺ പി. തോമസ് അറിയിച്ചു.

—

# ഫാ. ഇ. ജെ. തോമസിന്ന് കോർ എപ്പിസ്കോപ്പാ സ്ഥാനം നല്കി

കോട്ടയം: കോട്ടയം സെൻട്രൽ ഭദ്രാസന സെക്രട്ടറിയും സഭാ മാനേജിംഗ് കമ്മററിയംഗവുമായ എരുത്തിക്കൽ ഫാ. ഇ. ജെ. തോമസിന്ന് പരിശുദ്ധ കാതോലിക്കാബാവാ, മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ സഹകരണത്തോടെ ജനുവരി 14-ന് കോട്ടയം ചെറിയപള്ളിയിൽവച്ച് കോർ എപ്പിസ്കോപ്പാ സ്ഥാനം നൽകി.



തുടർന്നു നടന്ന അനുമോദന സമ്മേളനത്തിൽ പ. ബാവാ തിരുമനസ്സുകൊണ്ട് അദ്ധ്യക്ഷത വഹിച്ചു. സമ്മേളനത്തിൽ ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ, സമുദായ സെക്രട്ടറി പോരം മത്തായി, ബസേലിയോസ് കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ഇ. ജെ. ജോൺ, ഡോ. സി. വി. ചെറിയാൻ, റവ. കെ. എം. ജോൺ, മോൺ. പീററർ ഊരാളി എന്നിവർ അഭിനവ കോർ എപ്പിസ്ക്കോപ്പായ്ക്ക് ആശംസകൾ അർപ്പിച്ചു.

സമുദായ ട്രസ്റ്റി പി. സി. ഏബ്രഹാം ഹാരമണിയിച്ച് അഭിനന്ദിച്ചു.

ഫാ. പുന്നൂസ് കൊച്ചേട്ട് സ്വാഗതവും ബേബി അലക്സ് കൃതജ്ഞതയും പറഞ്ഞു.

കോട്ടയം ചെറിയപള്ളി, കുരിശുപള്ളി എന്നിവിടങ്ങളിൽ 22 വർഷങ്ങളായി വികാരിയായി സേവനം അനുഷ്ഠിച്ചുവരുന്ന ഇ. ജെ. തോമസ് കോർ എപ്പിസ്ക്കോപ്പാ കോട്ടയം സി. എം. എസ്. കോളേജ് വൈസ് പ്രിൻസിപ്പലും മാത്തമാററിക്സ് വകുപ്പ് മേധാവിയുമാണ്.

—

## ഡോ. വി. സി. ശാമുവേൽ

(എഡിറേറാറിയൽ 1-ാംപേജിൽനിന്നും തുടർച്ച)

ഫസറായി ദീർഘകാലം സേവനം അനുഷ്ഠിച്ചിട്ടുള്ള ഇദ്ദേഹം 1980 മുതൽ കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ വേദശാസ്ത്ര വിഭാഗത്തിന്റെ ഡീൻ ആയി പ്രവർത്തിക്കുന്നു.

ആരേയും ആകർഷിക്കുന്ന കർമ്മകുശലതയും, ശാന്ത പ്രകൃതവും, അദ്ദേഹത്തിന്റെ സ്വയാർജ്ജിത സിദ്ധികളത്രെ. പ്രഭാഷണങ്ങളിലും, എഴുത്തുകളിലും ലളിതമായ ഭാഷയിലൂടെ ഗഹനമായ ആശയങ്ങൾ സംവേദനം ചെയ്യുവാനുള്ള കഴിവും അദ്ദേഹത്തിന്റെ പ്രത്യേകതയത്രെ.

ഉന്നതശീർഷനായ ആ വൈദികശ്രേഷ്ഠന്റെ പ്രതിഭയ്ക്കു മുന്നിൽ ഒരിയ്ക്കൽക്കൂടി നമോവാകം അർപ്പിക്കുന്നു.

## ഭിലായ് മിഷൻ വാർഷികം ആഘോഷിച്ചു

ഭിലായ്: മിഷന്റെ 15-ാം വാർഷികം ഡിസം: 13 ന് ആഘോഷിച്ചു. സ്തേഫാനോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബ്ബാനയും തുടർന്ന് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ പൊതുസമ്മേളനവും നടത്തി.

സമ്മേളനരത്തിൽ ഫാ. ഫിലിപ്പ് ദേവനായഗം, സി. സി. വർക്കി, ജോൺ ഐപ്പ്, ജോജ്ജുകുട്ടി എന്നിവർ പ്രസംഗിച്ചു. ഫാ. ഈ. വി. ജോർജ്ജ് സ്വാഗതവും, ഫാ. കെ. എം. വറുഗീസ് കൃതജ്ഞതയുംപറഞ്ഞു. കുട്ടികളുടെ കലാപ്രകടനങ്ങളും നടത്തപ്പെട്ടു.

# പത്രോസ് മാർ ഒസ്താത്തിയോസ് ഓർമ്മപ്പെരുന്നാൾ ആഘോഷിച്ചു

മുളന്തുരുത്തി: കാലം ചെയ്ത പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 20-ാം ഓർമ്മപ്പെരുന്നാൾ അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന കാർമ്മേൽ ദയറായിൽ ജനുവരി 31 മുതൽ ഫെബ്രുവരി 2 വരെ തീയതികളിൽ ആഘോഷിച്ചു.

പ. ബസേലിയോസ് മർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായും ഗീവർഗീസ് മാർ ഒസ്താത്തിയോസ്, മാത്യൂസ് മാർ ബർന്നബാസ് എന്നീ മെത്രാപ്പോലീമാരും ചടങ്ങുകൾക്ക് നേതൃത്വം നൽകി.

ഫാ. കെ. ടി. ഫിലിപ്പ് ധ്യാനം നയിച്ചു.

—

## ദിവ്യബോധനം പുതിയ വിഷയം ജനുവരി 17-ന് ആരംഭിച്ചു

കോട്ടയം: ദിവ്യബോധനം പഠന പദ്ധതിയിലെ പുതിയ വിഷയം 'അബ്ബാപിതാവേ' സർട്ടിഫിക്കററ് കോഴ്സിലേക്കും 'ആത്മാവിലും സത്യത്തിലും' ഡിപ്ളോമാ കോഴ്സിലേക്കും ജനുവരി 17-ന് ആരംഭിച്ചു. പുതിയ വിഷയങ്ങളുടെ പരീക്ഷ മാർച്ച് 20 ന് നടക്കുന്നതാണ്.

പുതിയ വിഷയത്തോടനുബന്ധിച്ചുള്ള സെമിനാറുകൾ തിരുവല്ല, പിറവം, കോട്ടയം, ചെങ്ങന്നൂർ, പത്തനംതിട്ട, എറണാകുളം, കുന്നംകുളം, എന്നീ കേന്ദ്രങ്ങളിൽ വച്ച് ഗ്രന്ഥകർത്താവായ ഡോ. ഫാ. ബേബി വർഗീസിന്റെ നേതൃത്വത്തിൽ നടക്കും.

ഇപ്പോൾ സർട്ടിഫിക്കററ് കോഴ്സിന് 361 പേരും ഡിപ്ളോമാ കോഴ്സിന് 110 പേരും പഠനം നടത്തിവരുന്നു.

## സമ്മാനം നേടി

കോട്ടയം: ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനം അഖില മലങ്കരാടിസ്ഥാനത്തിൽ മത്സരത്തിൽ ആരാധനാ ഗീതത്തിനും ഉപകരണ സംഗീതത്തിനും നിരണം യൂണിററിലെ എ. സി. ഗീവർഗീസ് അറുതനങ്കേരിൽ ഒന്നാം സ്ഥാനം നേടി. ഇദ്ദേഹം വളർന്നുവരുന്ന ഒരു യുവഗായകൻ കൂടിയാണ്.

## കാതോലിക്കേററ് സെൻററിന് തറക്കല്ലിട്ടു

കുമളി; ഇടുക്കി ഭദ്രാസനത്തിൽ ആനവിലാസത്തുള്ള മുപ്പതോളം ഓർത്തഡോക്സ് കുടുംബങ്ങളുടെ ആരാധനസ്ഥായി നിർമ്മിക്കുന്ന കാതോലിക്കേററ് സെൻററിന് ജനുവരി 17-ന് ഇടവക മെത്രാപ്പോലീത്താ മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ തറക്കല്ലിട്ടു.

88 മെയ് ഒന്നുമുതൽ ഒരു താല്ക്കാലിക ഹാളിൽ മാസത്തിൽ ഒരു തവണവീതം വി. കുർബാന അർപ്പിച്ചുവരുന്ന കോൺഗ്രിഗേഷന്റെ വികാരിയായി ഫാ. പി. വി. വർഗീസ് സേവനം അനുഷ്ഠിച്ചുവരുന്നു.

കെ. പി. ഫിലിപ്പ് (സെക്രട്ടറി) സ്വാഗതവും ചാണ്ടി ഏബ്രഹാം (ട്രസ്റ്റി) കൃതജ്ഞതയും പറഞ്ഞു.

## ഇടവക ധ്യാനം

കടപ്ര മാന്നാർ: സെൻറ് തോമസ് ഓർത്തഡോക്സ് പള്ളിയിലെ വാർഷിക ധ്യാനയോഗം ജനുവരി 9 ശനിയാഴ്ച നടന്നു.

ഫാ. മത്തായി ഒ. ഐ സി (ബഥനി) ധ്യാനം നയിച്ചു.

രാവിലെ 9 മണിക്ക് ആരംഭിച്ച യോഗത്തിൽ ധാരാളം ആളുകൾ പങ്കെടുത്തു് വി. കുമ്പസാരം നടത്തി വി. കുർബ്ബാന അനുഭവിച്ചു.

ഇടവക വികാരി ഫാ. കുര്യൻ ഡാനിയേൽ കൃതജ്ഞത പറഞ്ഞു.

## ഫാ. ജോൺ കൊട്ടവത്തിന്ന് കോർ എപ്പിസ്കോപ്പാ സ്ഥാനംനല്കി

പുതുപ്പള്ളി: പള്ളം സെൻറ് പോൾസ് സഹ വികാരി ഫാ. കെ. വി. ജോണിന്ന് ഇക്കഴിഞ്ഞ ജനുവരി 30-ന് കുമരകം സെൻജോൺസ് ഓർത്തഡോക്സ് പള്ളിയിൽവച്ച് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് കോർ-എപ്പിസ്കോപ്പാ സ്ഥാനം നല്കി.

ഇദ്ദേഹം പുതുപ്പള്ളി സെൻറ് ജോർജ് ഇടവകയിൽ 1928 ഒക്ടോബർ 4-ന് ജനിച്ചു. 1958 ജനുവരി 15-ന് പ. ഗീവർഗീസ് ദ്വിതീയൻ ബാവായിൽനിന്ന് കശ്ശീശാപട്ടം സ്വീകരിച്ചു.

വാകത്താനം, പാത്താമുട്ടം, കാരമൂട്, പാച്ചിറ, ഒളശ, പാലാ, എന്നിവിടങ്ങളിൽ ഫാ. ജോൺ വികാരി- സഹവികാരി പദവികളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

റിട്ട. സ്കൂൾ അദ്ധ്യാപകനായ ഫാ. ജോൺ കൊട്ടവത്തു് കുടുംബാംഗമാണ്.

## പാഴ്സനേജ് കൂദാശ ചെയ്തു

നാഗപ്പൂർ: കൽക്കട്ടാ ഭദ്രാസനത്തിലെ നാഗപ്പൂർ സെൻറ് ജോർജ് ഓർത്തഡോക്സ് പള്ളിയുടെ ആഭിമുഖ്യത്തിൽ നിർമ്മിച്ച പാഴ്സനേജിന്റെ കൂദാശാകർമ്മം ജനുവരി 3-ന് ഇടവക മെത്രാപ്പോലീത്താ സ്തേഫാനോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ നിർവ്വഹിച്ചു.

കേരളത്തിനു പുറത്തു് മനോഹരമായ ഒരു കെട്ടിടം പള്ളിക്കുവേണ്ടി പണിതുയർത്താൻ പരിശ്രമിച്ച ഇടവകാംഗങ്ങളെ മെത്രാപ്പോലീത്താ മുക്തകണ്ഠം പ്രശംസിച്ചു.

കൂദാശകർമ്മത്തെ തുടർന്നു് ചേർന്ന പൊതു സമ്മേളനത്തിൽ ഇടവക വികാരി ഫാ. മാണി കെ. വർഗ്ഗീസ് കണക്കുകൾ അവതരിപ്പിച്ചു.

Edited & Published by Shabaly, Printed by Rev. C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam-2, Manager Fr. Raju Varghese, Asst. Manager A. J. George, Circulation Asst. K.P. Jacob (Hon) Chief Editor Dr. Samuel Chandanappally, Associate Editor: Fr. C. A. Issac, Office Address: Malankara Orthodox Herald, Devalokam, Kottayam-686 083